4.1

# ഓർമ്മയുടെ ജാലകം

## ആമുഖം

**ഓ**രോ അനുഭവവും ഓരോരോ ഓർമ്മപ്പെടുത്തലുകൾക്ക് നിമിത്തമായിത്തീരാറുണ്ട്. ചിലപ്പോൾ ദീർഘമായ ഓർമ്മകളായിരിക്കാം; അല്ലെങ്കിൽ പെട്ടെന്ന് മിന്നിമറയുന്നവ. അപൂർവം സന്ദർഭങ്ങളിൽ അത് ജീവിതകാലം മുഴുവൻ പിന്തുടരുന്ന വൈകാരിക പ്രചോദനമായി മാറാം. ഓർമ്മകളിൽനിന്നു ലഭിക്കുന്ന മാനസികാനുഭവങ്ങൾ ജീവിതചിന്തയെ ഉദ്ദീപിപ്പിക്കുകയും പുതിയ തിരിച്ചറിവുകളിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്നു.

ഓർമ്മകളും അതുമായി ബന്ധപ്പെട്ടുകിടക്കുന്ന ചിന്തകളും വർത്തമാനകാല സംഭവങ്ങളുമായി കൂടിക്കലർന്ന് മായാതെ നിൽക്കുന്നത് കാണാം. ചുറ്റുമുള്ള ലോകത്തിലെ നിറവും മണവും ശബ്ദവും മറ്റും അതിൽ കലരുകയും അത് വൈകാരികമായി നമ്മെ സ്വാധീനിക്കുകയും ചെയ്യും.

യാത്രകൾ (ദേശങ്ങളിലൂടെയും കാലങ്ങളിലൂടെയും ഉള്ള യാത്രകൾ) പലപ്പോഴും നമുക്ക് മുമ്പില്ലാത്ത അനുഭവതലങ്ങൾ സമ്മാനിക്കുന്നു. എല്ലാം അകലങ്ങളിലേക്കാവണമെന്നില്ല. അടുത്തുള്ള സ്ഥലങ്ങളിലേക്കോ വ്യക്തികൾക്ക് അരികിലേക്കോ ആയാലും മതി. ഓരോരുത്തരിലും അവരവരുടെ തലങ്ങളിലുള്ള ഓർമ്മപ്പെടുത്തലുകൾ അതുണ്ടാക്കുന്നു. വൈകാരികമായ ഉൾപ്രേരണകളിലൂടെ ജീവിതത്തെ കൂടുതൽ പ്രസാദാത്മകമാക്കിക്കൊണ്ടിരിക്കുന്നവയാണ് എല്ലാ യാത്രകളും.

ആശയങ്ങളുടെ എന്നതുപോലെ അനുഭവങ്ങളുടെയും വിനിമയോപാധിയായിത്തീരുമ്പോൾ ഭാഷ ഏറ്റവും ശക്തവും സുഗമവുമായി മാറുന്നു. വികാരങ്ങളും ചിന്തകളും ഇഴുകിച്ചേർന്നുകൊണ്ട് ഭാഷ ഒരു രസാനുഭൂതിയാവുകയാണ് അവിടെ. യാത്രാവിവരണങ്ങൾ, ആത്മകഥകൾ, ആത്മാംശം ഉൾക്കൊള്ളുന്ന മറ്റു രചനകൾ എന്നിവയെല്ലാം വായനക്കാർക്ക് പ്രിയപ്പെട്ടതാവുന്നത് അതുകൊണ്ടാണ്. ഭാഷയെ ഉചിതമായി ഉപയോഗിക്കാനും ശരിയായി പരിചയപ്പെടാനും അപ്പോൾ സാധ്യമാവുന്നു.

'ഓർമ്മയുടെ ജാലകം' എന്ന യൂണിറ്റിൽ അനുഭവങ്ങളുടെ വ്യത്യസ്തമായ സഞ്ചാരങ്ങളാണ് പരിചയപ്പെടുന്നത്. യാത്രക്കിടയിൽ ഉണ്ടാവുന്ന വിഭിന്നങ്ങളായ അനുഭവങ്ങൾ യാത്രികന്റെ മനസ്സിനെ എത്രമാത്രം വിശാലമാക്കിക്കൊണ്ടിരിക്കുന്നു എന്നതാണ് 'അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ' എന്ന പാഠഭാഗത്തിലൂടെ വെളിപ്പെടുന്നത്. ലോകത്തിൽ ഓരോ ജീവിക്കുമുള്ള പ്രസക്തി സ്വയം തിരിച്ചറിയുന്നതിന്റെ ആത്മവിചാരമാണ് 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിതയിലുള്ളത്. ചില

സ്മരണകൾ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന അന്വേഷണമായി പരിണമിക്കുന്നചിത്രമാണ് 'കൈയെത്താദൂരത്ത്' എന്ന പാഠഭാഗം കാട്ടിത്തരുന്നത്.

ബാഹ്യവും ആന്തരികവുമായ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിലൂടെ ഭാഷയുടെ വ്യത്യസ്തതലങ്ങളെ പരിചയപ്പെടാനും സ്വന്തമായ ഭാഷാശൈലി രൂപപ്പെടുത്തിയെടുക്കാനും ഉതകുംവിധത്തിലാണ് യൂണിറ്റിലെ പഠനപ്രവർത്തനങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്.

## പ്രവേശകപ്രവർത്തനം

പ്രശസ്ത കവിയും സാഹിത്യനിരൂപകനുമായ പ്രൊഫ. ആർ.രാമചന്ദ്രനുമായി നടത്തിയ അഭിമുഖസംഭാഷണത്തിലെ ഒരു ഭാഗമാണ് യൂണിറ്റിന്റെ പ്രവേശകമായി നൽകിയിരിക്കുന്നത്. (*'ആർ.രാമചന്ദ്രൻ–കവിയും കവിതയും' എന്ന പുസ്തകത്തിൽ 'സന്ധ്യയിലെ ഹൃദയസംവാദം' എന്ന ശീർഷകത്തിൽ എം. ശ്രീഹർഷൻ എഴുതിയ അഭിമുഖക്കുറിപ്പ്*) യാത്രകൾ ഇഷ്ടമായിരുന്ന കവി യാത്രാനുഭവങ്ങളെക്കുറിച്ചുള്ള ചോദ്യത്തിനു മറുപടിയായി പറഞ്ഞ കാര്യമാണ് പാഠപുസ്തകത്തിലുള്ളത്. അജന്തയിലേക്കുള്ള യാത്രകഴിഞ്ഞ് വർഷങ്ങൾക്കു ശേഷമാണ് കവി 'അജന്ത' എന്ന കവിതയെഴുതിയത്.

*ആർ. രാമചന്ദ്രന്റെ 'ശ്യാമസുന്ദരി' എന്ന സമാഹാരത്തിലെ കവിതയാണ് 'അജന്ത'. യാത്രാനുഭവത്തെ ആ കവിതയിൽ നേരിട്ട് പരാമർശിക്കുന്നില്ല. ആ കാഴ്ചയിൽ കവിയുടെ മനസ്സിൽ ഉണ്ടായ ഭാവം ഈ കവിതയിൽ അന്തർലീനമായിക്കിടക്കുന്നു എന്നേയുള്ളൂ.*

*"എൻ മിഴിയിൽ തെളിയുന്നി–*
*തനുതാപാർദ്രം*
*തഥാഗതമന്ദസ്മിതം."*

*എന്ന വരിയിൽ മാത്രമാണ് ശീർഷകത്തെക്കൂടാതെ ആ അനുഭവത്തിന്റെ നേരിയ ഒരു സൂചനയുള്ളത്. അനുഭവങ്ങൾ രചനകളിൽ നേരിട്ടു തന്നെ പ്രകടമാവണമെന്നില്ല. ഇതുപോലെ നിഗൂഢസാന്നിധ്യമായും നിലകൊള്ളാറുണ്ട്. ചിലപ്പോൾ അത് സർഗപ്രേരണ മാത്രമായിരിക്കുകയും ചെയ്യും.*

മനസ്സിനെ തീവ്രമായി സ്പർശിച്ച അനുഭവങ്ങൾ കാലം കഴിഞ്ഞാലും മായാതെ കിടക്കുമെന്നും ദീർഘകാലത്തിനു ശേഷവും അത് ഏതെങ്കിലും തരത്തിലുള്ള സർഗപ്രക്രിയയ്ക്കോ പുതിയ കണ്ടെത്തലുകൾക്കോ സംരംഭങ്ങൾക്കോ നിമിത്തമായിത്തീരാം എന്നുമുള്ള ചർച്ചയാണ് ക്ലാസ്മുറിയിൽ നടക്കേണ്ടത്. സമാനമായ മറ്റേതെങ്കിലും അനുഭവങ്ങളോ ഓർമ്മക്കുറിപ്പുകളോ ഇതോടൊപ്പം ഉപയോഗിക്കാവുന്നതാണ്. അജന്താഗുഹയിലെ ബുദ്ധവിഗ്രഹത്തിന്റെ വർണചിത്രം ക്ലാസിൽ പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.



- കുട്ടികളെ അവരുടെ സജീവമായ ഓർമ്മകളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിച്ചുകൊണ്ട് ഭാഷാനുഭവങ്ങൾ ലഭിക്കുന്നതിന് സഹായകമായ തരത്തിലാവണം പ്രവേശകപ്രവർത്തനം.

- ദീർഘകാലമായി മനസ്സിൽ മായാതെ കിടക്കുന്ന ഏതെങ്കിലും അനുഭവങ്ങൾ പറയാനുള്ള അവസരം പരമാവധി നൽകണം.
  - ♦ ആ അനുഭവങ്ങളുടെ ഓർമ്മകൾ ഇപ്പോൾ മനസ്സിലുണ്ടാക്കുന്ന വികാരമെന്താണ്?
  - ♦ അതു നൽകുന്ന പുതിയ തിരിച്ചറിവ് എന്താണ്?
- മായാത്ത ഓർമ്മകളെ സൂചിപ്പിക്കുന്ന ചില വരികൾ ചർച്ചയിൽ ഉപയോഗിക്കാം.

  * "ഒരുവട്ടം കൂടിയെന്നോർമ്മകൾ മേയുന്ന
    തിരുമുറ്റത്തെത്തുവാൻ മോഹം!"
    *-മോഹം (ഒ.എൻ.വി)*
  * "അങ്കണത്തൈമാവിൽ നിന്നാദ്യത്തെപ്പഴം വീഴ്കെ-
    യമ്മതൻ നേത്രത്തിൽ നിന്നുതിർന്നൂ ചുടുകണ്ണീർ"
    *-മാമ്പഴം (വൈലോപ്പിള്ളി)*
- ഇത്തരം ചില വരികൾ കുട്ടികൾ ശേഖരിക്കട്ടെ.

## ആർ. രാമചന്ദ്രൻ



കവിയും നിരൂപകനും ഭാഷാപണ്ഡിതനുമായിരുന്ന ആർ. രാമചന്ദ്രൻ 1923 മെയ് 28 ന് തൃശൂർ ജില്ലയിലെ താമരത്തുരുത്തിയിൽ ജനിച്ചു. മലയാളകവിതയിലെ ആധുനികതാപ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തവരിൽ പ്രമുഖനായിരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്നിരുന്ന 'കോലായ' എന്ന സാഹിത്യചർച്ചകൾ മലയാള സാഹിത്യത്തിൽ പുത്തൻ പ്രവണതകൾ ഉദയം ചെയ്യുന്നതിന് നിദാനമായി.

*ശ്യാമസുന്ദരി, പിന്നെ, മുരളി, സാന്ധ്യനികുഞ്ജങ്ങൾ, എന്തിനീയാത്ര* തുടങ്ങിയവയാണ് കവിതാസമാഹാരങ്ങൾ. കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. 2005 ആഗസ്റ്റ് 3-ന് നിര്യാതനായി.

# 4.1.1 അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ

**ചി**ത്രകാരനായ രാജൻ കാക്കനാടൻ എഴുതിയ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാവിവരണഗ്രന്ഥത്തിലെ 'പിപ്പൽക്കോട്ടിയിലേക്കുള്ള യാത്ര' എന്ന അധ്യായത്തിലെ ഒരു ഭാഗമാണ് ഈ പാഠഭാഗം. ഹിമാലയത്തിലൂടെ കേദാർനാഥ്, ബദരിനാഥ് എന്നിവിടങ്ങളിലേക്ക് നടത്തിയ ഏകാന്തയാത്രയിലെ തീവ്രമായ അനുഭവങ്ങൾ പകർന്നു നൽകുകയാണ് എഴുത്തുകാരൻ. സാഹസികമെന്നു തോന്നിയേക്കാവുന്ന വിധത്തിലുള്ള ഒരു അവധൂതയാത്രയായിരുന്നു അത്. ഹിമാലയത്തിന്റെ അനന്യമായ സൗന്ദര്യത്തോടൊപ്പം അവിടെ ജീവിക്കുന്നവരും എത്തിപ്പെടുന്നവരുമായ മനുഷ്യരുടെ അവസ്ഥാന്തരങ്ങളും ഈ യാത്രയിൽ ഒരുപോലെ അനുഭവിക്കുകയാണ്.

യാത്രികനോടൊപ്പം വായനക്കാരനും ഓരോ നിമിഷവും വിഭിന്നമായ അനുഭവങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കും. മുൻകൂട്ടി നിശ്ചയിച്ച ലക്ഷ്യമോ ഒരുക്കങ്ങ

ളോ ഇല്ലാത്ത യാത്രയാണിത്. കൈയിൽ ആവശ്യത്തിന് പണമില്ല. കൊടുംശൈത്യത്തിൽനിന്നു രക്ഷനേടാനോ മാറിയുടുക്കാനോ ഉള്ള തുണികളില്ല. ചെന്നെത്തുന്നിടം ലക്ഷ്യവും അപ്പപ്പോൾ ലഭിക്കുന്നതൊക്കെ യാത്രോപാധികളും. സഞ്ചാരികളുടെ ഒഴുക്കിൽപ്പെട്ടും ഇടയ്ക്ക് ഒറ്റതിരിഞ്ഞും വിശ്രമിച്ചും വിശ്രമമില്ലാതെയും ഭക്ഷണം കഴിച്ചും പട്ടിണികിടന്നുമുള്ള ക്രമരഹിതവും വിചിത്രവുമായ യാത്രയിലൂടെ ഹിമാലയം എന്ന അത്ഭുതത്തെ അനുഭവിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്യുന്നത്. പലവിധത്തിലുള്ള മനുഷ്യരുമായി ഇടപെടുന്നുണ്ട്. ഒരു രാത്രി ഭീകരമായ ഗുഹയിൽ ഏകനായി കിടന്നുറങ്ങിയിട്ടുമുണ്ട്. അപകടകരമായ വഴിയിലൂടെ സഞ്ചരിച്ച് മരണത്തിന്റെ വക്കിലെത്തിയിട്ടുണ്ട്. ഇടയ്ക്ക് ലഭിച്ച അപ്രതീക്ഷിതസഹായങ്ങളാണ് മുന്നോട്ടുള്ള യാത്ര സാധ്യമാക്കിയത്. ഇതെല്ലാം വായനക്കാരിലേക്ക് സന്നിവേശിപ്പിച്ചുകൊണ്ടിരിക്കും ഈ പുസ്തകത്തിന്റെ വായന.

യാത്രയുടെ ഏതാണ്ട് അവസാനഘട്ടത്തിൽ പിപ്പൽക്കോട്ടിയിലേക്കുള്ള വഴിക്കിടെ അളകനന്ദയുടെ തീരത്തെ ഓറഞ്ചുതോട്ടങ്ങളുടെ ഇടയിലെ ഒരു കൊച്ചു ഗ്രാമത്തിൽ എത്തിപ്പെടുന്നതാണ് ഈ പാഠഭാഗത്തെ പ്രതിപാദ്യം. അവിടെ ഒരു വീട്ടിൽ ചെലവഴിച്ച വളരെക്കുറച്ചു നിമിഷങ്ങൾ യാത്രികന്റെ മനസ്സിനെ അഗാധമായി സ്പർശിക്കുന്നതിന്റെ വിവരണമാണ് ഇതിൽ. യാത്രാനുഭവം എന്നതിനേക്കാൾ ചിലപ്പോൾ ഒരു ചെറുകഥ പോലെ തോന്നും. മറ്റു ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ സംഭവിച്ചതുപോലെ. അത്രമാത്രം ജൈവമാണ് ഇതിലെ ഭാഷ.

യാത്രാവിവരണങ്ങളുടെ സാമ്പ്രദായികമായ ശൈലിയിൽനിന്നു വിഭിന്നമായി, യാത്ര ഒരു മാനസികാനുഭവമായി വായനക്കാരനിലേക്ക് പകരുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഋജുവായ ഭാഷയും ആത്മാംശം നിറഞ്ഞ ആഖ്യാനവും ഈ കൃതിയെ വേറിട്ടതാക്കുന്നു. വായനക്കാരുടെ മനസ്സിൽ സഞ്ചാരത്തിന്റെ വിചിത്രമായ വർണങ്ങൾ ചാലിക്കുകയും അനുഭവങ്ങളുടെ വരകൾ കോറിയിടുകയുമാണ് ചിത്രകാരൻ കൂടിയായ ഈ ഗ്രന്ഥകർത്താവ്.

## രാജൻ കാക്കനാടൻ



ചിത്രകാരനായ രാജൻ കാക്കനാടൻ 1942 ൽ ജനിച്ചു. ചിത്രകലയും പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ പലഭാഗങ്ങളിലായി ജോലി ചെയ്തിട്ടുണ്ട്. നാടകം, സിനിമ എന്നീ മേഖലകളിലും സജീവമായിരുന്നു. ജി. അരവിന്ദന്റെ പ്രസിദ്ധമായ 'എസ്തപ്പാൻ' എന്ന സിനിമയിൽ നായകനായി അഭിനയിച്ചു. ഇന്ത്യയൊട്ടാകെ അനേകതവണ ചുറ്റിസഞ്ചരിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനാണ് പ്രശസ്ത നോവലിസ്റ്റ് കാക്കനാടൻ.

*അമർനാഥ് ഗുഹയിലേക്ക്, ഹിമവാന്റെ മുകൾത്തട്ടിൽ* എന്നീ യാത്രാവിവരണങ്ങളും *നേരമില്ലാത്ത നേരത്ത്* എന്ന നോവലുമാണ് കൃതികൾ. 1991 ആഗസ്റ്റ് 25 ന് അന്തരിച്ചു.

## യാത്രാവിവരണം

യാത്രയിലെ അനുഭവങ്ങൾ (പഞ്ചേന്ദ്രിയാനുഭവങ്ങൾ, ഭാഷകൾ, സൗഹൃദം, സംവാദം, ചിന്തകൾ) വായനക്കാരിലേക്ക് പകർന്നു നൽകുന്ന രചനകളാണ് യാത്രാവിവരണങ്ങൾ. ദേശവിവരണം, കാലവിവരണം, ജീവിതവിവരണം, ചരിത്രസ്മൃതികൾ എന്നിവയെല്ലാം ഇവയിൽ ഉൾച്ചേർന്നിരിക്കും. തന്റെ യാത്രയിൽ വായനക്കാരനെക്കൂടി പങ്കാ

ളിയാക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. പ്രത്യക്ഷാനുഭവപ്രതീതി സൃഷ്ടിക്കുന്നതോടൊപ്പം ചില സ്മരണകളും ഇവ ഉളവാക്കുന്നുണ്ട്. വർത്തമാനകാലാനുഭവത്തോടൊപ്പം ഭൂതകാലസ്മൃതികളും പ്രതീക്ഷകളും കൂടിക്കലരുന്നുണ്ട്.

യാത്രാവിവരണമേഖലയെ സംബന്ധിച്ചിടത്തോളം സമ്പന്നമാണ് മലയാളസാഹിത്യം. 'വർത്തമാനപുസ്തകം' മുതൽ വൈവിധ്യമാർന്ന കൃതികൾ നമുക്കുണ്ടായിട്ടുണ്ട്. പഴയകാല സന്ദേശകാവ്യങ്ങളും യാത്രാവിവരണത്തിന്റെ സ്വഭാവം പുലർത്തുന്നവയാണ്. യാത്രാവിവരണങ്ങളെ മലയാളിയുടെ പ്രിയപ്പെട്ട വായനാവിഭവമാക്കിയത് എസ്.കെ.പൊറ്റക്കാടാണ്. സ്ഥലകാലങ്ങളുടെയും ചരിത്രത്തിന്റെയും വിവരണങ്ങൾ നേരനുഭവങ്ങളുമായി കൂട്ടിയിണക്കിക്കൊണ്ടുള്ള എസ്.കെ.യുടെ രചനകളിലൂടെ ലോകസഞ്ചാരം നടത്തിയവരാണ് നമ്മൾ. ജോർജ് ഓണക്കൂർ, സക്കറിയ, രവീന്ദ്രൻ, രാജൻ കാക്കനാടൻ, ആഷാമേനോൻ, സച്ചിദാനന്ദൻ തുടങ്ങിവരുടെ യാത്രാവിവരണങ്ങൾ വ്യത്യസ്ത ശൈലിയിലുള്ളവയാണ്.

## ആശയം/ധാരണ

- ആശയങ്ങളും അനുഭവങ്ങളും അനുയോജ്യമായ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ ഉപയോഗിച്ച് വൈകാരികത നഷ്ടപ്പെടാതെ ചുരുക്കി അവതരിപ്പിക്കുന്നതാണ് ഓർമ്മക്കുറിപ്പ്.
- അനുഭവങ്ങളും ഓർമ്മകളും സർഗപ്രക്രിയകൾക്കും കണ്ടെത്തലുകൾക്കും നിമിത്തമായിത്തീരാറുണ്ട്.
- യാത്രകൾ ജീവിതത്തിന്റെ കാണാപ്പുറങ്ങൾ കാണിച്ചുതരുകയും നമ്മെ പുതിയ തിരിച്ചറിവുകളിലേക്ക് നയിക്കുകയും ചെയ്യുന്നു.
- ആകർഷകവും ജിജ്ഞാസയുണർത്തുന്നതുമായ ആഖ്യാനരീതിയിൽ കഥാവസ്തു, കഥാപാത്രങ്ങൾ എന്നിവയെ ഭാവനാത്മകമായി അവതരിപ്പിക്കുന്നതാണ് കഥ.
- പ്രകൃതിപ്രത്യയങ്ങൾ ചേർത്ത് പദങ്ങളും അർഥപൂർണമായ പദങ്ങൾചേർത്ത് വാക്യങ്ങളും ഉണ്ടാക്കുന്നു

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | ഭാഷാവസ്തുതകൾ | വിലയിരുത്തൽ |
|---|---|---|---|
| ശ്രാവ്യവായന<br>ചർച്ച<br>വിശകലനം<br>അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>തുടർവായന<br>രചന<br>ചിത്രരചന | കത്ത്<br>ഡയറിക്കുറിപ്പ്<br>കഥ<br>യാത്രാവിവരണം<br>വായനാക്കുറിപ്പ് | വാക്യ-സവിശേഷതകൾ<br>പ്രയോഗഭംഗി<br>വിഭക്തിപ്രത്യയം ('എ') | ശ്രാവ്യവായന<br>ചർച്ചയിലെ പങ്കാളിത്തം<br>തുടർവായന<br>രചനയിലെ മികവ് |

# പ്രവർത്തനവിശകലനം

## വായനയും വിശകലനവും

- പ്രാഥമികവായന, ആഴത്തിലുള്ള വായന, തുടർവായന എന്നിങ്ങനെ വായനയുടെ വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നു പോകുന്ന പഠനപ്രവർത്തനങ്ങൾ പാഠപുസ്തകത്തിൽ ഉണ്ട്.
- വായനയിലേക്ക് കുട്ടികളെ ആകർഷിക്കത്തക്ക വിധത്തിലുള്ള ക്ലാസ്റൂം അന്തരീക്ഷം ഒരുക്കണം. ഹിമാലയപ്രാന്തങ്ങളിലെ കാഴ്ചകൾ അടങ്ങിയ ഫോട്ടോകൾ, ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം ഒരുക്കാം. പറ്റുമെങ്കിൽ വീഡിയോ പ്രദർശനവും നന്നായിരിക്കും.
- വ്യക്തിഗതമായ സ്വതന്ത്രവായനയ്ക്കുള്ള അവസരമാണ് ആദ്യം നൽകേണ്ടത്. വായനയ്ക്കു ശേഷം യാത്രികൻ കടന്നുപോയ ഗ്രാമത്തെക്കുറിച്ചും ഇടപഴകിയ ഗ്രാമവാസികളെക്കുറിച്ചും കുട്ടികളുടെ മനസ്സിൽ പതിഞ്ഞ ചിത്രം വരയ്ക്കാൻ നിർദ്ദേശിക്കാം. വരച്ച ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കട്ടെ.
- പാഠഭാഗം വൈകാരികാംശം പ്രകടമാക്കുന്ന വിധത്തിൽ അധ്യാപിക വായിക്കുന്നത് ശ്രവിക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുകയാണ് പിന്നീട് വേണ്ടത്. ഉചിതമായ ശബ്ദനിയന്ത്രണം, സ്ഫുടത, ഒഴുക്ക്, വേഗം, ഊന്നലുകൾ, നിർത്തലുകൾ, ഭാവം, വികാരം എന്നിവ പാലിക്കാൻ ശ്രദ്ധിക്കണം.
- പാഠപുസ്തകത്തിലെ 'വായിക്കാം പറയാം' എന്ന പഠനപ്രവർത്തനത്തിൽ കൊടുത്ത ആദ്യത്തെ അഞ്ച് ചോദ്യങ്ങൾ വായനയ്ക്കിടയിൽ പാഠഭാഗത്തിലെ ആശയങ്ങൾ മനസ്സിൽ ക്രമീകരിക്കാൻ ഉദ്ദേശിച്ചുള്ളതാണ്.
- കുട്ടികൾ പാഠഭാഗം വ്യക്തിഗതമായി ഉച്ചത്തിൽ വായിച്ചവതരിപ്പിക്കട്ടെ.
- വായനയ്ക്കു ശേഷം ചർച്ചയിലൂടെ കുട്ടികൾ ഉത്തരങ്ങൾ കണ്ടെത്തി പൊതുവായി അവതരിപ്പിക്കട്ടെ.
- 'വായിക്കാം പറയാം' എന്നതിലെ അവസാനത്തെ മൂന്ന് ചോദ്യങ്ങൾ ആഴത്തിലുള്ള വായനയ്ക്ക് സഹായകമായവയാണ്. ഇതും സംഘമായി ചർച്ച ചെയ്ത് ഉത്തരം കണ്ടെത്തി അവതരിപ്പിക്കട്ടെ. അവതരണത്തിനുശേഷം ക്ലാസിൽ പൊതുചർച്ചക്ക് അവസരം ഒരുക്കണം. പൊതുചർച്ചയിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കാൻ ശ്രദ്ധിക്കണം.

> ശ്രാവ്യവായനയ്ക്കിടയിൽ ആശയവ്യക്തത, അക്ഷരസ്ഫുടത, ശബ്ദനിയന്ത്രണം, നിർത്തലുകളും നീട്ടലുകളും എന്നീ ഘടകങ്ങൾ പരസ്പരവിലയിരുത്തലിനും അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കേണ്ടതുണ്ട്.

- ആവശ്യമായ ഘട്ടങ്ങളിൽ അധ്യാപികയുടെ വിശദീകരണങ്ങൾ ആവാം.
  - പാഠഭാഗത്തു വിവരിക്കുന്ന പ്രദേശത്തു നിലവിലുള്ള ജമീന്ദാരിവ്യവസ്ഥ, ഗഢുവാൾ സമുദായത്തിപ്പെട്ട ജനവിഭാഗങ്ങൾ, അളകനന്ദനദി, ഓറഞ്ചുതോട്ടങ്ങൾ, ദില്ലിയിലെ കരോൾബാഗ് എന്ന പ്രദേശം മുതലായവ.
  - പാഠഭാഗത്ത് ഒരിടത്ത് ഇങ്ങനെ പറയുന്നുണ്ട്: "ചീഞ്ഞൊഴുകുന്ന ശവശരീര

**ഗഢ്വാളിസമുദായം**

*ഉത്തരാഖണ്ഡിൽ ഹിമാലയപ്രാന്തങ്ങളിലുള്ള ഗഢ്വാൾ (Garhwal) പ്രദേശത്തുള്ള പുരാതനമായ ഒരു ജനവിഭാഗം. ഡറാഡൂൺ, ഹരിദ്വാർ, ഉത്തരകാശി, തേരിഗഢ്വാൾ, ചമോളി, രുദ്രപ്രയാഗ എന്നിവിടങ്ങളിലാണ് ഇവർ കൂടുതലായി ഉള്ളത്.*

*(കൂടുതൽ വിവരങ്ങൾക്ക് 'വിക്കിപീഡിയ-ഇംഗ്ലീഷ്', വെബ്സൈറ്റിൽ 'Garhwali people' എന്ന ടൈറ്റിൽ പരിശോധിക്കാം)*

**അളകനന്ദ**

*ഗംഗാനദിയുടെ രണ്ട് ഉപശാഖകളിൽ ഒന്ന്. ദേവപ്രയാഗയിൽ വച്ച് ഇത് ഭഗീരഥിനദിയുമായി സംഗമിച്ച് ഒറ്റനദിയാവുമ്പോഴാണ് ഗംഗ പൂർണരൂപം കൈവരിക്കുന്നത്. ഹിമാലയത്തിലെ നന്ദാദേവി കൊടുമുടിയിൽനിന്നാണ് ഉത്ഭവം.*

*(കൂടുതൽ വിവരങ്ങൾക്ക് 'സർവവിജ്ഞാനകോശം'-വാല്യം 2, പേജ് 597 പരിശോധിക്കാം)*

**ജമീന്ദാരിവ്യവസ്ഥ**

*ഉത്തരേന്ത്യയിലെ കാർഷികമേഖലയിൽ രാഷ്ട്രീയ-സാമ്പത്തിക ആധിപത്യമുള്ള ഭൂപ്രഭുവിഭാഗങ്ങളുടെ പ്രതിനിധി എന്ന അർഥത്തിലാണ് 'ജമീന്ദാർ' എന്ന പദം സാധാരണയായി വ്യവഹരിക്കപ്പെടുന്നത്. പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ് ഉത്തരേന്ത്യൻ കാർഷികസമൂഹം ജമീന്ദാർമാരും കർഷകരും എന്ന നിലയിൽ വേർതിരിയുന്നത്. ഈസ്റ്റ് ഇന്ത്യാ കമ്പനി 1793 ൽ ഉണ്ടാക്കിയ നിയമത്തോടെ പരമ്പരാഗത ജമീന്ദാർമാർക്ക് ഭൂമിയുടെ മേൽ ഉടമസ്ഥാവകാശം ലഭിച്ചു. കൃഷിചെയ്യുന്ന സാധാരണ കർഷകർക്കും തൊഴിലാളികൾക്കും കൃഷിഭൂമിയുടെയും കാർഷികവിഭവങ്ങളുടെയും ഉടമസ്ഥാവകാശമില്ല. കാർഷികവിഭവത്തിൽനിന്ന് നാമമാത്രമായ അംശം മാത്രമേ അവർക്ക് ലഭിക്കുകയുള്ളൂ.*

*(കൂടുതൽ വിവരങ്ങൾക്ക് 'സർവവിജ്ഞാനകോശം'-വാല്യം 11, പേജ് 483 പരിശോധിക്കാം)*

ങ്ങളുടെയും ദുർഗന്ധം വമിക്കുന്ന വ്രണങ്ങളുടെയും ലോകത്തുനിന്ന് എന്റെ മനസ്സിനെ....." ഈ യാത്രയ്ക്കിടയിൽ എഴുത്തുകാരന് ഒരു രാത്രി ചമോളി എന്ന സ്ഥലത്ത് ഒരു ശവത്തോടൊപ്പം കിടന്നുറങ്ങേണ്ടി വന്ന അനുഭവം മുൻ അധ്യായത്തിൽ വിവരിക്കുന്നുണ്ട്. അവ അധ്യാപിക ക്ലാസിൽ വിവരിക്കണം. ('ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന പുസ്തകത്തിലെ 'ചമോളിധർമ്മശാലയിൽ', 'മറക്കാനാവാത്ത ഒരു രാത്രി' എന്നീ അധ്യായങ്ങൾ)

## സങ്കൽപ്പിച്ച് എഴുതാം

- വായിക്കുന്ന കൃതിയിലെ കഥാപാത്രങ്ങളുമായി താദാത്മ്യം പ്രാപിക്കുമ്പോഴാണ് വായന അർഥപൂർണ്ണമാവുന്നത്. പാഠഭാഗത്തെ വിവരണത്തിൽ പറയുന്ന അനുഭവത്തെ കുട്ടികൾക്ക് സ്വന്തം അനുഭവം പോലെ ഉൾക്കൊള്ളാൻ കഴിയുന്ന വിധത്തിലാണ് ഈ പ്രവർത്തനം വിഭാവന ചെയ്യേണ്ടത്

***കത്ത് എഴുതൽ***

- കത്തിലെ ഉള്ളടക്കത്തെക്കുറിച്ചുള്ള ആശയധാരണ വരുത്താൻ താഴെ കൊടുത്ത ചോദ്യങ്ങളെ മുൻനിർത്തിയുള്ള പൊതുചർച്ച ആവശ്യമാണ്.
  - മഹാനഗരത്തിൽ എത്തിപ്പെട്ട മകന് എന്തെല്ലാം അനുഭവങ്ങളാവും ഉണ്ടായിട്ടുണ്ടാവുക?
  - നഗരം അവന് ഇഷ്ടപ്പെട്ടിട്ടുണ്ടാവുമോ ഇല്ലയോ?
  - എവിടെയായിരിക്കും അവൻ പാർക്കുന്നത്? എന്തായിരിക്കും ചെയ്യുന്നത്?
  - തന്റെയും കുടുംബത്തിന്റെയും ഭാവിയെക്കുറിച്ച് അവൻ കാണുന്ന സ്വപ്ന

ങ്ങൾ എന്തെല്ലാമായിരിക്കും?
- ♦ വീട്ടുകാരെക്കുറിച്ചോർക്കുമ്പോൾ അവന്റെ മനസ്സിൽ ഉണ്ടാവുന്ന ചിന്തകൾ എന്തെല്ലാമായിരിക്കും?

- കുട്ടികൾ വ്യക്തിഗതമായി എഴുതുന്ന കത്ത് ഗ്രൂപ്പിൽ വായിച്ച് പരസ്പരം വില യിരുത്തിയശേഷം എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തിയെഴുതട്ടെ.
താഴെ കൊടുത്ത ഘടകങ്ങൾ ഉൾപ്പെടുത്തി പൊതുചർച്ചയിലൂടെ വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കണം.

**എഡിറ്റിങ്**

*നിരന്തര മെച്ചപ്പെടുത്തലിലൂടെ രചന ഉദാത്തമാക്കുന്ന പ്രക്രിയയാണ് എഡിറ്റിങ്. അതിനാൽ രചന പല ഘട്ടങ്ങളിലായി വായിക്കുകയും അതിന്റെ അർഥവ്യാപ്തിയും സംക്ഷിപ്തതയും വിലയിരുത്തുകയും അനുയോജ്യമായ മാറ്റങ്ങൾ വരുത്തുകയും വേണം. എഴുത്തുകാരൻ ഒരേ സമയം വായനക്കാരനും വിമർശകനും ആകുമ്പോഴാണ് കൃതി മെച്ചപ്പെടുന്നത്.*

- ■ *ആശയപരമായ എഡിറ്റിങ് :-*

*ഇവിടെ നാം ചെയ്യുന്നത് രചനയുടെ ആശയവുമായി ബന്ധപ്പെട്ട് വന്നുപോയ പിഴവുകൾ പരിഹരിക്കുകയാണ്. ഒരു പ്രത്യേക ആശയത്തെക്കുറിച്ച് എഴുതുമ്പോൾ പോലും അറിയാതെ അതിന്റെ മേഖലയിൽനിന്ന് പുറത്തുകടക്കുന്നതായി കാണാം.*

- ■ *വ്യവഹാരരൂപം സംബന്ധിച്ച എഡിറ്റിങ് :-*

*ഒരു വ്യവഹാരരൂപത്തിൽനിന്ന് വിട്ടുമാറി മറ്റൊരു വ്യവഹാരരൂപത്തിലേക്ക് രചനകൾ മാറി പ്പോകുന്ന അനുഭവങ്ങളും ഉണ്ട്. (ഡയറിയെഴുതുന്ന കുട്ടി എഴുതിക്കൊണ്ടിരിക്കെ പ്രസംഗ ത്തിലേക്ക് നീങ്ങുന്നതായി അനുഭവപ്പെടാം.) ഓരോ വ്യവഹാരരൂപത്തിന്റെയും ഘടന, സവി ശേഷത എന്നിവ കൃത്യമായി അറിയേണ്ടതുണ്ട്.*

- ■ *വാക്യഘടനാപരമായ എഡിറ്റിങ് :-*

*അധികവാക്കുകളുടെ ഉപയോഗം (ഉദാ: 'ഒരു ചുവപ്പു നിറമുള്ള ഒരു മാണിക്യക്കല്ല്'. ഇവിടെ ചുവപ്പു നിറമുള്ള ഒരു മാണിക്യക്കല്ല് എന്നു മതിയാവും.), വാക്കുകൾ ഒഴിവായിപ്പോകുന്ന അവസ്ഥ (ഉദാ: 'കാണാൻ നല്ലഭംഗിയുള്ള മഴത്തുള്ളികൾ' എന്നതിൽ നിന്ന് 'ഭംഗി യുള്ള'എന്നത് വിട്ടുപോകുമ്പോൾ വാക്യത്തിനുണ്ടാകുന്ന മാറ്റം), വാക്കുകളുടെ ക്രമമില്ലായ്മ (ഉദാ:'അധ്യാപകൻ അനുസരിക്കാത്തതിന് കുട്ടിയെ ശിക്ഷിച്ചു' എന്നത് 'അനുസരിക്കാ ത്തതിന് കുട്ടിയെ അധ്യാപകൻ ശിക്ഷിച്ചു'എന്ന് മെച്ചപ്പെടുത്തേണ്ടി വരും)*

- ■ *ചിഹ്നനം :-*

*ചിഹ്നങ്ങൾ ആശയങ്ങളുടെ മുദ്രകളാണ്. സംസാരഭാഷയിൽ നാം ഇത് ചില നിർത്തലുകൾ കൊണ്ടും മൂളലുകൾ കൊണ്ടും ശബ്ദവ്യത്യാസങ്ങൾ കൊണ്ടും മറ്റും സാധിച്ചെടുക്കും. എന്നാൽ ലേഖനത്തിൽ ഇത് കൃത്യമായി രേഖപ്പെടുത്തിയേ പറ്റൂ. അല്ലെങ്കിൽ ചിലപ്പോൾ പാടേ വിരുദ്ധമായ ആശയങ്ങളായിരിക്കും സംവേദനം ചെയ്യപ്പെടുക. ഉചിതമായ ചിഹ്നങ്ങൾ ഇല്ലാത്തത് കാരണം ഇതിവൃത്തത്തിന്റെ അർഥതലം പാടേ മാറിപ്പോകുന്നുണ്ടെങ്കിൽ അത് പരിഹരിക്കുക എന്നതാണ് പ്രധാനം. (ഉദാ:'പറഞ്ഞില്ല നാളെ മകൻ മകൾ എന്നിവർ വരില്ലേ അവരോട് പറയാം'എന്ന വാക്യം 'പറഞ്ഞില്ല. നാളെ മകൻ, മകൾ എന്നിവർ വരില്ലേ? അവ രോട് പറയാം' എന്ന് ഉചിതമായ ചിഹ്നങ്ങൾ ചേർക്കുമ്പോഴാണ് അർഥം ലഭിക്കുന്നത്. 'എന്തു ഭംഗി? എന്തു ഭംഗി! ചിഹ്നം മാത്രമാണ് ഇവിടെ അർഥവ്യത്യാസത്തെ സൂചിപ്പിക്കുന്നത്.)*

- ■ *അക്ഷരം :-*

*സാധാരണഗതിയിൽ തെറ്റിപ്പോകാനിടയുള്ള അക്ഷരങ്ങൾ, വള്ളികൾ, പുള്ളികൾ എന്നിവ ശ്രദ്ധിക്കേണ്ടതാണ്. (ഉദാ: 'കേരളം' എന്നത് 'കോരളം' എന്ന് എഴുതുന്ന പ്രവണത.)*

- ♦ പ്രസക്തമായ ആശയങ്ങൾ
- ♦ ആശയങ്ങളുടെ ഭാവവും വൈകാരികതയും പ്രകടിപ്പിക്കാനുതകുന്ന ഭാഷ (ഘടന, ശൈലി, പ്രയോഗങ്ങൾ മുതലായവ)
- ♦ കത്തിന്റെ ഘടന (ആര്, ആർക്ക്, എവിടെനിന്ന്, എന്ന് മുതലായവ)

- എഡിറ്റിങ്ങിനായി ഏതെങ്കിലും ഒരു രചന ചാർട്ടിലെഴുതി പ്രദർശിപ്പിക്കണം. പൊതുചർച്ചയിലൂടെ മെച്ചപ്പെടുത്തേണ്ടുന്ന മേഖലകൾ കുട്ടികൾ കണ്ടെത്തിപ്പറയട്ടെ.
- ആശയം, വ്യവഹാരരൂപം, വാക്യഘടനാപരം, പദം, ചിഹ്നം, അക്ഷരം എന്നീ മേഖലകളിൽ ആവശ്യമായ തിരുത്തലുകൾ കുട്ടികൾ നിർദ്ദേശിക്കട്ടെ.
- പൊതുചർച്ചയിലൂടെ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് ചാർട്ടിലെഴുതിയ രചന മെച്ചപ്പെടുത്തിയതുപോലെ ഓരോ കുട്ടിയും സ്വന്തം രചന പരിശോധിച്ച് മെച്ചപ്പെടുത്തണം.

***കുഞ്ഞുമനസ്സ് പറയുന്നത്***

- ചെറുപ്രായത്തിൽ വീടും കുടുംബവും വിട്ട് വിദൂരനഗരത്തിൽ എത്തിപ്പെടേണ്ടി വന്ന ബാലന്റെയും ജ്യേഷ്ഠനെ പിരിഞ്ഞിരിക്കുന്ന ബാലികയുടെയും മാനസികാവസ്ഥയിലേക്ക് കുട്ടികൾ എത്തിപ്പെടുമ്പോഴുണ്ടാവുന്ന വൈകാരികതയിലൂടെ ഭാഷാപ്രയോഗത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനാണ് ഈ പ്രവർത്തനത്തിലൂടെ ശ്രമിക്കേണ്ടത്.
- വ്യക്തിഗതമായി എഴുതുന്നതിനുമുമ്പ് ചില ലഘുചോദ്യങ്ങളിലൂടെ ആശയവ്യക്തത വരുത്താം.
  - ♦ കുട്ടിയുടെ മനസ്സിൽ ചേട്ടനെക്കുറിച്ചുള്ള ഓർമ്മകൾ എന്തൊക്കെയായിരിക്കും?
  - ♦ പിരിഞ്ഞതിനുശേഷം ഉണ്ടായ എന്തെല്ലാം കാര്യങ്ങളാവും അവൾക്ക് പറയാനുണ്ടാവുക?
  - ♦ ചേട്ടനെക്കുറിച്ച് അവൾക്കുണ്ടാവുന്ന പ്രതീക്ഷകൾ എന്തെല്ലാമായിരിക്കും?
  - ♦ വെണ്ണക്കല്ലുകൾ പെറുക്കി വയ്ക്കുമ്പോൾ അവൾ എന്തൊക്കെയാണ് മനസ്സിൽ സങ്കൽപ്പിച്ചിട്ടുണ്ടാവുക?

***ഡയറിയെഴുത്ത്***

- യാത്രക്കാരന്റെ മനസ്സിലെ വൈകാരികഭാവത്തിലൂടെ സഞ്ചരിക്കാൻ കഴിയുമ്പോഴാണ് യാത്രാവിവരണവായന സഫലമാവുന്നത്. മനസ്സിനെ സ്പർശിച്ച ചില അനുഭവങ്ങൾ യാത്രികൻ കുറിച്ചുവയ്ക്കുന്നുണ്ടാവും.
- യാത്രികന്റെ അവസ്ഥയുമായി താദാത്മ്യം പ്രാപിക്കാൻ പറ്റിയ വിധത്തിലാണ് ഡയറിക്കുറിപ്പ് സങ്കൽപ്പിച്ച് എഴുതുന്ന പ്രവർത്തനം നൽകേണ്ടത്.
- യാത്രയ്ക്കിടയിൽ എഴുതപ്പെടുന്ന ഡയറിയിൽ ഓരോ ദിവസത്തെയും യാത്രയിലെ അനുഭവങ്ങൾ, യാത്രയ്ക്കിടെ കണ്ടുമുട്ടിയ ആളുകളെക്കുറിച്ചുള്ള വിവരങ്ങൾ, എത്തിപ്പെട്ട സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവയായിരിക്കും പ്രധാനമായി ഉണ്ടാവുക.
- യാത്രികൻ സിംലയെ പരിചയപ്പെട്ട ദിവസത്തെ അനുഭവത്തെക്കുറിച്ച് ക്ലാസിൽ വിശദമായ ചർച്ച നടക്കേണ്ടതുണ്ട്.
  - ♦ യാത്രികൻ എത്തപ്പെട്ട പ്രദേശത്തിന്റെ പ്രത്യേകതകൾ എന്ത്?
  - ♦ അന്ന് അയാൾ പരിചയപ്പെട്ടത് ആരെയൊക്കെയാണ്?
  - ♦ അന്ന് അയാൾക്കുണ്ടായ പ്രധാന അനുഭവം എന്ത്?
  - ♦ ആ അനുഭവം അയാളുടെ മനസ്സിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാമാണ്?

- ഇതിൽ നിന്ന് ഡയറിയിൽ എന്തൊക്കെ ഉൾപ്പെടുത്താമെന്ന് ചർച്ച ചെയ്യട്ടെ.
  - സിംല നൽകിയ വെള്ളാരങ്കല്ലുകൾ
  - സിംലയുടെയും ചേട്ടന്റെയും മുഖങ്ങൾ
  - അളകനന്ദയും ഡൽഹിയും
- യാത്രികൻ ഒരു ചിത്രകാരൻ കൂടിയാണ്. അങ്ങനെയൊരാൾ എഴുതുന്ന ഡയറിയ്ക്ക് എന്തെല്ലാം പ്രത്യേകതകൾ ഉണ്ടാവാം.
  - ചില രേഖാചിത്രങ്ങൾ (സിംലയുടെ, അളകനന്ദയിലെ വെള്ളാരങ്കല്ലുകളുടെ....) ഉണ്ടാവാം.
- കുട്ടികൾ വ്യക്തിഗതമായി എഴുതുന്ന ഡയറിക്കുറിപ്പ് ഗ്രൂപ്പിൽ വായിച്ച് ചർച്ച ചെയ്ത് മെച്ചപ്പെടുത്തിയെഴുതുന്നു.

## എഴുതി അവതരിപ്പിക്കുക

*പ്രയോഗഭംഗി*

- യാത്രാവിവരണങ്ങളിൽ വർണ്ണനയ്ക്കുള്ള അവസരങ്ങൾ നിരവധിയായിരിക്കും. അത്തരം സന്ദർഭങ്ങളിൽ സവിശേഷമായ ഭാഷാപ്രയോഗങ്ങൾ എഴുത്തുകാർ ഉപയോഗിക്കാറുണ്ട്.
- അളകനന്ദക്കരയിലെ ഗ്രാമീണഗൃഹത്തിൽ പരിചയപ്പെട്ട ബാലികയുടെ നിഷ്ക്കളങ്കമായ മുഖവും അവളുടെ മനസ്സിലെ ദുഃഖവും രാജൻ കാക്കനാടന്റെ മനസ്സിൽ ഉണ്ടാക്കിയ വികാരം "നക്ഷത്രംപോലെ ജ്വലിച്ചുനിന്ന കണ്ണുകൾ ചുവന്നു കലങ്ങുന്നതു ഞാൻ കണ്ടു" എന്ന വാക്യത്തിലൂടെ എത്രമാത്രം പ്രകടമാവുന്നു എന്ന ചർച്ചയാണ് ക്ലാസിൽ നടക്കേണ്ടത്. താഴെ കൊടുത്ത ചെറുചോദ്യങ്ങളിലൂടെ ചർച്ച വികസിപ്പിക്കാം.
  - 'നക്ഷത്രം പോലെ ജ്വലിച്ചുനിന്ന കണ്ണുകൾ' എന്ന പ്രയോഗത്തിൽ എന്തെല്ലാം ആശയങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു?'
  - 'ചുവന്നു കലങ്ങി' എന്നു പറയുന്നതിലൂടെ എന്താണ് സൂചിപ്പിക്കുന്നത്?
- ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ നിറഞ്ഞ സങ്കൽപ്പങ്ങൾ ആ കുട്ടിയുടെ മനസ്സിൽ ഉണ്ട്. അതാണ് കണ്ണുകളിലെ തിളക്കമായി അനുഭവപ്പെടുന്നത്. ചേട്ടനെക്കുറിച്ചുള്ള ഓർമ്മകൾ വരുന്നതോടെ സങ്കടംകൊണ്ട് കണ്ണുകൾ കലങ്ങുകയാണ്. കുട്ടിയുടെ മനസ്സിൽ ഉണ്ടാവുന്ന ഭാവമാറ്റത്തെ പ്രതിഫലിപ്പിക്കുകയാണ് എഴുത്തുകാരൻ ഈ വാക്യത്തിലൂടെ.
- നക്ഷത്രത്തിന്റെ തിളക്കം, വെളിച്ചം, കണ്ണിലെ ചുവപ്പ് - നിറങ്ങളും വെളിച്ചവും ചിത്രകാരന് പ്രിയങ്കരം
- പാഠഭാഗത്തുള്ള സവിശേഷമായ മറ്റ് പ്രയോഗങ്ങൾ കണ്ടെത്താനും വിശദീകരിക്കാനുമുള്ള അവസരവും നൽകണം.
  - മാരിവില്ലിന്റെ വർണങ്ങളും കസ്തൂരിയുടെ പരിമളവുമുള്ള ഭൂമിയിലേക്ക്
  - അവളുടെ കവിളത്ത് തെളിഞ്ഞുവന്ന നുണക്കുഴികളുടെ അഴകും കണ്ണുകളിൽ മിന്നിമറഞ്ഞ നക്ഷത്രപ്രഭയും

*വിശകലനക്കുറിപ്പ്*

- യാത്രകളുടെ സവിശേഷതയെ സൂചിപ്പിക്കുന്ന ഒരു പ്രസ്താവനയാണ് ഈ പഠനപ്രവർത്തനത്തിൽ കൊടുത്തിരിക്കുന്നത്. പാഠഭാഗത്തിന്റെ വായനയിലൂടെ ഈ പ്രസ്താവന എത്രമാത്രം സാംഗത്യമുള്ളതാണ് എന്ന് വിശദീകരിക്കാൻ അവസരം ഒരുക്കണം.

- കൊടുത്ത പ്രസ്താവനയിലെ ആശയം ഉൾക്കൊള്ളാൻ ഉതകുന്ന ചോദ്യങ്ങൾ:
  - യാത്രകൾ ജീവിതം തന്നെയാണെന്ന് പറഞ്ഞത് എന്തുകൊണ്ടാണ്?
  - ജീവിതത്തിന്റെ കാണാപ്പുറങ്ങൾ എന്നു പറഞ്ഞതിന്റെ പൊരുൾ എന്താണ്?
  - യാത്രകളിൽ അനുഭവപ്പെടുന്ന ആനന്ദവും നൊമ്പരവും എന്തൊക്കെയാണ്?
  - ജീവിതവുമായി അതിനെ എങ്ങനെ താരതമ്യം ചെയ്യാം?
- മുൻപ്രവർത്തനങ്ങളോടൊപ്പം നടന്ന ചർച്ചകളിലെ ആശയങ്ങൾ ഇതുമായി ബന്ധിപ്പിച്ച് ചർച്ചകൾ നടക്കണം.
- യാത്രകളിൽ തികച്ചും വിഭിന്നങ്ങളായ അനുഭവങ്ങൾ ഉണ്ടാവുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന പുസ്തകത്തിൽനിന്നുതന്നെ കണ്ടെത്താം. (ഉഖിമഠ് എന്ന സ്ഥലത്തു നിന്ന് ഹനുമാൻഘട്ട് എന്ന സ്ഥലത്തേക്കുള്ള യാത്രയ്ക്കിടയിൽ ഒരു ഗുഹയിൽ കഴിച്ചുകൂട്ടിയതിന്റെ വിവരണം, ഹിമാലയസാനുക്കളുടെ സൗന്ദര്യം വിവരിക്കുന്നത് മുതലായവ)
- യാത്രകൾക്കിടയിൽ കുട്ടികൾക്കുണ്ടായ വ്യത്യസ്താനുഭവങ്ങൾ വിവരിക്കാൻ അവസരം നൽകാം. ചർച്ചയുടെ ക്രോഡീകരണത്തിനു ശേഷമാവണം വിശകലനക്കുറിപ്പ് തയാറാക്കേണ്ടത്.

## യാത്ര തുടരുമ്പോൾ

- 'യാത്ര തുടരുമ്പോൾ' എന്ന പ്രവർത്തനം മുൻപ്രവർത്തനത്തിന്റെ തുടർച്ചയാണ്. യാത്രകൾ നമ്മെ പുതിയ തിരിച്ചറിവുകളിലേക്ക് നയിക്കുന്നു എന്ന ധാരണ കുട്ടികൾക്ക് ലഭിക്കാൻ പറ്റുന്ന വിധത്തിലുള്ള ചർച്ചകളാണ് ക്ലാസിൽ നടക്കേണ്ടത്.
- 'പിപ്പിൽക്കോട്ടിയിലേക്കുള്ള യാത്ര' എന്ന അദ്ധ്യായത്തിലെ അവസാനത്തിലുള്ള ഒരു ഭാഗമാണ് ഈ പ്രവർത്തനത്തിനായി നൽകിയിട്ടുള്ളത്. യാത്രികന്റെ ചിന്തയാണത്. തിരിച്ചറിവുകളിലേക്ക് നയിക്കുന്ന ഇത്തരം ചിന്തകൾ ഉൾച്ചേർക്കുന്നത് യാത്രാവിവരണങ്ങളെ കൂടുതൽ ആസ്വാദ്യമാക്കും എന്ന തരത്തിൽ ചർച്ച പുരോഗമിക്കാം.

  <u>ചർച്ചാസൂചകങ്ങൾ</u>
  - "ദില്ലിയിലുള്ള ബാലനെക്കുറിച്ചുള്ള ചിന്തകൾ എന്റെ മനസ്സിൽ കടന്നുകൂടുകയും അത് മറ്റനേകം ചിന്തകൾക്കു ജന്മം നൽകുകയും ചെയ്തു." എന്തെല്ലാം ചിന്തകളായിരിക്കും യാത്രികന്റെ മനസ്സിൽ കടന്നുകൂടിയത്?
  - തന്റേതായ പ്രയാസങ്ങൾ എല്ലാം നിസ്സാരമാണെന്നും താൻ പരിചയപ്പെട്ട ആ കുടുംബത്തിന്റെ ദുഃഖമാണ് വലുതെന്നും യാത്രികന് തോന്നുന്നു. യാത്രികന്റെ ഈ മനോഭാവത്തെ എങ്ങനെ വിലയിരുത്താം?

> ചർച്ചകൾക്കിടയിൽ കുട്ടികൾ അവതരിപ്പിക്കുന്ന ആശയങ്ങളുടെ പ്രസക്തി, ഉപയോഗിച്ച ഭാഷയുടെ പ്രത്യേകത, ചർച്ചയിൽ പങ്കെടുക്കാനുള്ള സന്നദ്ധത എന്നീ കാര്യങ്ങൾ അധ്യാപിക വിലയിരുത്തേണ്ടതാണ്.

- ചർച്ചയിൽ ഉയരുന്ന ആശയങ്ങൾ അധ്യാപിക ക്രോഡീകരിക്കണം.
  - * എല്ലാവർക്കും അവരവരുടേതായ പ്രയാസങ്ങളും ദുഃഖങ്ങളും ഉണ്ടായിരിക്കും. അതിനെക്കുറിച്ച് മാത്രം ചിന്തിക്കുമ്പോൾ അതാണ് ഏറ്റവും വലുത് എന്ന് തോന്നും.

* നമുക്കനുഭവപ്പെടുന്ന പല പ്രയാസങ്ങളും മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യുമ്പോഴായിരിക്കും നിസ്സാരമാണെന്ന് അനുഭവപ്പെടുക.

- വിവിധ യാത്രാവിവരണങ്ങളിൽനിന്ന് വ്യത്യസ്താനുഭവങ്ങൾ ഉള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകണം. വായനാമൂലയിൽ ഇതിനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കണം.
  - എസ്.കെ.പൊറ്റക്കാടിന്റെ 'കാപ്പിരികളുടെ നാട്ടിൽ', 'ലണ്ടൻനോട്ടുബുക്ക്', 'ബാലിദ്വീപ്', 'പാതിരാസൂര്യന്റെ നാട്ടിൽ'
  - സക്കറിയയുടെ 'തടാകനാട്'
  - ജോർജ് ഓണക്കൂറിന്റെ 'ഒലിവ്മരങ്ങളുടെ നാട്ടിൽ'
  - രവീന്ദ്രന്റെ 'അകലങ്ങളിലെ മനുഷ്യർ'
  - ആഷാമേനോന്റെ 'അടരുന്ന കക്കകൾ'
  - പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ'
  - എം.ടി. യുടെ 'വൻകടലിലെ തുഴവള്ളക്കാർ'
  - ..................................................................................

## യാത്രാവിവരണരചന

- യാത്രാനുഭവങ്ങൾ ക്ലാസിൽ പറയാൻ അവസരം നൽകണം. മുമ്പ് വായിച്ച യാത്രാ

**യാത്രാവിവരണം എഴുതുമ്പോൾ .....**

- *ദീർഘമായ യാത്രകൾ മാത്രമല്ല ചെറുയാത്രകളും യാത്രാവിവരണരചനയ്ക്ക് പ്രയോജനപ്പെടുത്താറുണ്ട്.*
- *യാത്രാവേളയിൽ എഴുതിയ ഡയറിക്കുറിപ്പുകളും പോയ സ്ഥലത്തിന്റെ ഭൂമിശാസ്ത്രം, ചരിത്രം, മറ്റു സവിശേഷതകൾ എന്നിവയെക്കുറിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും രചനയ്ക്ക് ആവശ്യമായി വരും.*
- *യാത്ര ചെയ്യുന്ന ക്രമം തന്നെ വിവരണത്തിനും തെരഞ്ഞെടുക്കുന്നതാണ് യാത്ര ചെയ്ത പ്രതീതി വായനക്കാർക്കും ലഭിക്കാൻ സഹായിക്കുക.*
- *യാത്രയിലുണ്ടായ വൈകാരികഭാവം പ്രകടമാക്കുന്നവിധം അനുഭവവിവരണങ്ങൾക്ക് പ്രാധാന്യം നൽകണം. ഇതിന് ഭംഗം വരാത്ത വിധമാവണം വസ്തുതാപരമായ കാര്യങ്ങൾ ചേർക്കേണ്ടത്.*
- *ഏറെ സ്വാധീനിച്ച അനുഭവം, സംഭവം, കാഴ്ച എന്നിവ പ്രത്യേക പ്രാധാന്യത്തോടെ വിവരിക്കണം.*
- *സ്ഥലവർണ്ണന, മാർഗവർണ്ണന, കാഴ്ചയുടെ വർണ്ണന എന്നിവ കഴിയുന്നത്ര ആലങ്കാരികഭാഷയിലായാൽ വായനക്കാരുടെ ഭാവനയെ ഉണർത്താൻ കഴിയും.*
- *അതിശയോക്തിപരമാവാതെ വിശ്വസനീയമാം വിധത്തിലാവണം ഇവ.*
- *വാങ്മയചിത്രങ്ങൾ വിവരണത്തിന്റെ മിഴിവ് കൂട്ടും.*
- *ഭാഷയുടെ മിതത്വത്തിലൂടെ അനുഭവങ്ങളുടെ പകർച്ചയും വൈകാരികാനുഭൂതിയും നൽകുന്ന തരത്തിലായിരിക്കണം രചന.*
- *സ്വന്തമായ കാഴ്ചപ്പാടും ചിന്തയും സാമൂഹ്യവീക്ഷണവും ഉണ്ടെങ്കിൽ മാത്രമേ യാത്രാവിവരണം പ്രസക്തമാവുന്നുള്ളൂ. ജീവിതാഭിമുഖ്യവും സഞ്ചാരതാൽപര്യവും ഒരുപോലെ വളർത്താൻ അതിനു കഴിയണം.*
- *മറ്റേത് കൃതിയെയും പോലെ വായനക്കാരന്റെ മനസ്സിനെ വിശാലമാക്കാനും പ്രസാദാത്മകമായ പുതിയ തിരിച്ചറിവുകളിലേക്ക് നയിക്കാനും യാത്രാവിവരണങ്ങൾക്ക് സാധിക്കണം.*

വിവരണഗ്രന്ഥങ്ങളുടെ സ്വഭാവവും ഭാഷാശൈലിയും ചർച്ച ചെയ്ത് യാത്രാവിവരണങ്ങളുടെ പൊതുസ്വഭാവത്തെക്കുറിച്ച് ധാരണയുണ്ടാക്കിയെടുക്കണം.

- വിവരണത്തിൽ എന്തൊക്കെ ഉൾപ്പെടുത്താം
  - ∗ സ്ഥലം, കാലം, സംഭവങ്ങൾ,
  - ∗ കാഴ്ചകൾ, ശബ്ദങ്ങൾ, ഗന്ധങ്ങൾ, ........
  - ∗ പരിചയപ്പെട്ട വ്യക്തികൾ,
  - ∗ പ്രദേശത്തിന്റെ സവിശേഷതകൾ,
  - ∗ മുന്നറിവുകൾ,
  - ∗ യാത്രയിലെ മാനസികാവസ്ഥ,
  - ∗ യാത്രാനുഭവത്തെക്കുറിച്ച് ഇപ്പോൾ ഓർക്കുമ്പോൾ തോന്നുന്ന വികാരങ്ങൾ
- വ്യക്തിഗതവും സ്വതന്ത്രവുമായ രചനയാണ് വേണ്ടത്. എഴുതിയത് ഗ്രൂപ്പിൽ വായിച്ച് മെച്ചപ്പെട്ടത് തെരഞ്ഞെടുത്ത് ക്ലാസിൽ അവതരിപ്പിക്കണം. (വിലയിരുത്തലിനുള്ള സൂചകങ്ങൾ ക്ലാസിലെ പൊതുചർച്ചയിലൂടെ രൂപപ്പെടുത്തേണ്ടതാണ്.) അതിനുശേഷം മെച്ചപ്പെടുത്തിയെഴുതി പതിപ്പാക്കാം.

## കഥാരചന

- ‘കഥയിലേക്ക്’ എന്ന പ്രവർത്തനത്തിനായി അതിൽ സൂചിപ്പിച്ച ആശയത്തെ സംബന്ധിച്ച് ക്ലാസിൽ പൊതുചർച്ച നടക്കേണ്ടതാണ്.
  - ♦ യാത്രികനെക്കുറിച്ച് വീട്ടുകാരുടെ മനസ്സിലുള്ള മതിപ്പ് എന്തൊക്കെയായിരിക്കും?
  - ♦ തങ്ങളുടെ മകനെ യാത്രികൻ കണ്ടുമുട്ടിയാൽ അയാൾ തങ്ങളെക്കുറിച്ച് അവനോട് എന്തെല്ലാമായിരിക്കും പറയുക?
  - ♦ അതു കേൾക്കുമ്പോൾ അവന്റെ മനസ്സിൽ എന്തെല്ലാം വികാരങ്ങൾ ഉണ്ടാവും?
  - ♦ യാത്രികൻ മകനെ കണ്ടുപിടിച്ച് കൂട്ടിക്കൊണ്ടുവരുമെന്ന പ്രതീക്ഷ വീട്ടുകാരിൽ ഉണ്ടാവുമോ?
- ഈ ചർച്ചയ്ക്കു ശേഷം കഥയായി വികസിപ്പിക്കുമ്പോൾ അതിൽ എന്തെല്ലാം ഘടകങ്ങൾ
  - ♦ കഥാപാത്രങ്ങൾ, ഉചിതമായ പശ്ചാത്തലം, സംഭവവികാസങ്ങൾ, കഥാഗതിയിലെ പരിണാമങ്ങൾ, സ്വാഭാവികമായ തുടക്കവും ഒടുക്കവും
  - ♦ സ്വന്തമായ രചനാരീതിയും ഭാഷാശൈലിയും ഭാവനയും ഉപയോഗിക്കാൻ കഴിയണം.
- വ്യക്തിഗതമായ രചനയ്ക്കു ശേഷം ഗ്രൂപ്പിൽ വിലയിരുത്തി മെച്ചപ്പെടുത്താൻ അവസരം നൽകണം.
  - ♦ ആശയാവതരണത്തിലെ പുതുമയും ശക്തിയും, ഭാഷാശൈലി, ഭാവന, ആകർഷകമായ തുടക്കവും കഥാന്ത്യവും, കഥാഗതിയിൽ വരുത്തിയ മാറ്റങ്ങളുടെ ഔചിത്യം, ആകർഷകമായ തലക്കെട്ട് എന്നീ

രചനയിൽ കുട്ടികൾ ഉപയോഗിച്ച ഭാഷ, വ്യവഹാരരൂപങ്ങളുടെ സവിശേഷതയെക്കുറിച്ചുള്ള ധാരണ എന്നീ കാര്യങ്ങൾ അധ്യാപിക വിലയിരുത്തണം

സൂചകങ്ങൾ പരസ്പരവിലയിരുത്തലിന് ഉപയോഗിക്കാം.

## വ്യാകരണവിശേഷം

- ഭാഷയെക്കുറിച്ച് മെച്ചപ്പെട്ട ധാരണയുണ്ടാക്കുക, ഭാഷാപ്രയോഗനൈപുണി വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വ്യാകരണകാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. വ്യാകരണനിയമങ്ങളും ഉദാഹരണങ്ങളും നേരിട്ടു പറയുന്നതിനു പകരം പ്രയോഗസന്ദർഭങ്ങളിൽനിന്നും വ്യാകരണനിയമങ്ങൾ ക്രോഡീകരിച്ചെടുക്കുകയാണ് ചെയ്യേണ്ടത്.
- ഒരു വാക്യത്തിൽ സകർമ്മകക്രിയയോട് ബന്ധപ്പെട്ടുവരുന്ന നാമപദങ്ങളിൽ കർത്താവ്, കർമ്മം എന്നിവയെ തമ്മിൽ വേർതിരിച്ചറിയാനായി ചേർക്കുന്ന ശബ്ദമാണ് 'പ്രതിഗ്രാഹികാപ്രത്യയം'. 'എ' എന്ന പ്രത്യയം ഏത് നാമപദത്തോടാണോ ചേർക്കുന്നത് എന്നതിനനുസരിച്ച് ആശയത്തിന് വ്യത്യാസം സംഭവിക്കുന്നു.
- 'അവൻ നിങ്ങൾ കാണണം.' – അർഥം പിടികിട്ടാത്തതെന്തുകൊണ്ടാണ്?
- 
  - അവനെ നിങ്ങൾ കാണണം
  - നിങ്ങൾ അവനെ കാണണം
  - നിങ്ങളെ അവൻ കാണണം
  - അവൻ നിങ്ങളെ കാണണം

  ഇങ്ങനെ വ്യത്യസ്തരീതിയിൽ പ്രത്യയം ചേർത്ത് എഴുതുമ്പോഴുണ്ടാവുന്ന വ്യത്യാസം ക്ലാസിൽ ചർച്ച ചെയ്യുന്നതിലൂടെ പ്രതിഗ്രാഹികാപ്രത്യയത്തിന്റെ സവിശേഷത കുട്ടികൾക്ക് തിരിച്ചറിയാൻ അവസരം നൽകേണ്ടതാണ്.
- ഇത്തരത്തിൽ മറ്റ് വാക്യങ്ങൾ നിർമ്മിക്കാനും പ്രത്യേകത വിവരിക്കാനുമുള്ള പ്രവർത്തനം തുടർച്ചയായി നൽകാം.

> *അചേതനമായ നാമപദമാണ് കർമ്മമായി വരുന്നതെങ്കിൽ കർമ്മപ്രത്യയം ചേർക്കണമെന്നില്ല.*
> *ഉദാ:- പശു പുല്ലു തിന്നു/ ഞാൻ വീടു പണിതു/ അവൾ പുസ്തകം വായിക്കുന്നു.*

## പഠനനേട്ടങ്ങൾ

- സാഹിത്യകൃതികളിലൂടെ ആവിഷ്ക്കരിക്കപ്പെട്ട വ്യത്യസ്തമായ അനുഭവങ്ങൾ സ്വാംശീകരിച്ച് അവയെ വ്യാഖ്യാനിക്കുകയും സ്വാനുഭവങ്ങളുമായി താരതമ്യം ചെയ്യുകയും ചെയ്യുന്നു.
- പാഠഭാഗങ്ങളിൽനിന്നു നേടിയ ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രമായ സർഗ്ഗാത്മകരചനകളിൽ ഏർപ്പെടുന്നു.
- സ്വന്തം അഭിരുചിക്കിണങ്ങുന്ന പുസ്തകങ്ങൾ കണ്ടെത്തി വായിക്കുകയും വായനാനുഭവങ്ങൾ വൈവിധ്യത്തോടെ ആവിഷ്കരിക്കുകയും ചെയ്യുന്നു.

# 4.1.2 പൂക്കാതിരിക്കാനെനിക്കാവതില്ലേ

ആധുനിക മലയാളകവികളിൽ പ്രമുഖനായ അയ്യപ്പപ്പണിക്കരുടെ കവിതയാണ് ഈ പാഠഭാഗം. കൊന്നപ്പൂവിന്റെ ആത്മവിചാരം എന്നമട്ടിലാണ് കവിത. എങ്കിലും അത് കവിയുടെയും വായനക്കാരന്റെയും സ്വതചിന്തയായി വികസിക്കുകയാണ് ചെയ്യുന്നത്. ലോകത്തിലെ ഏതൊന്നിനും ചില നിയോഗങ്ങളുണ്ട്. അതിൽനിന്ന് മാറിനിൽക്കാനാവില്ല എന്ന തിരിച്ചറിവിലേക്കാണ് കവിത വളരുന്നത്.

കൊന്നപ്പൂ തന്നോടുതന്നെ സംസാരിക്കുകയാണ് ഈ കവിതയിൽ. തന്റെ ഹരിതങ്ങളെല്ലം മാഞ്ഞുപോവുന്നത് അത് വേദനയോടെ കാണുകയാണ്. ഇലകളെല്ലാം കൊഴിഞ്ഞുപോവുമ്പോൾ മറ്റു സസ്യങ്ങളിൽനിന്നും താൻ വേറിട്ടുപോവുകയാണെന്നും താനിനി മറ്റുള്ളവർക്കുവേണ്ടി മഞ്ഞയണിയാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്നും അത് തിരിച്ചറിയുന്നു. എന്നാൽ തന്റെ സൗന്ദര്യം മറ്റുള്ളവരുടെ ആഹ്ലാദത്തിനു നിമിത്തമാവുന്നുണ്ട്. 'വിഷുക്കാലമല്ലേ പൂക്കാതിരിക്കാൻ എനിക്കാവതില്ലേ' എന്നും തന്റെ നിയോഗത്തെ ഏറ്റെടുക്കാൻ ശരീരകലകൾ ഒരുങ്ങിക്കഴിഞ്ഞെന്നും തിരിച്ചറിയുന്ന കൊന്ന തന്റെ ഉണങ്ങിക്കരിഞ്ഞ ചില്ലകൾക്ക് മറ്റൊരു ജന്മദൗത്യം കൈവരുന്നതിൽ ആശ്വസിക്കുകയാണ്. 'കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു' എന്ന്. അപ്പോഴും ഉള്ളിൽനിന്ന് എന്തോ തികട്ടി വരുന്നുണ്ട്. 'ഒരു നിറം മാത്രമേ തന്നതുള്ളൂ വിധി എനിക്കാവതില്ലേ പലവർണമാകാൻ' എന്ന്. ഇത് ആത്മദുഃഖമാണോ സമാശ്വാസമാണോ? മറ്റുള്ളവരെ ആഹ്ലാദിപ്പിക്കാൻ ഞാൻ മഞ്ഞയണിയുന്നു. മഞ്ഞനിറത്തിനപ്പുറം വർണങ്ങളുടെ ബഹുസ്വരതയിലെത്താൻ പറ്റാത്തതിലുള്ള കൊന്നയുടെ ആത്മദുഃഖം ഇവിടെ പ്രകടമാകുന്നുണ്ടോ? ഒന്നും തെളിയിച്ചു പറയാതെ കവി ഒരു പ്രപഞ്ചസത്യം പറഞ്ഞ് നിർത്തുകയാണ്: 'കണിക്കൊന്നയല്ലേ വിഷുക്കാലമല്ലേ'.

കാലത്തിന്റെ ഇച്ഛയിൽനിന്ന് കുതറിമാറാനാവാതെ തന്റെ നിയോഗത്തിന്റെ അനിവാര്യതയെ സ്വയം സ്വീകരിച്ച് കഴിയുന്ന മനുഷ്യജന്മങ്ങളെയാണ് കവി ഈ കവിതയിലൂടെ ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നത്.

വ്യക്തിസത്തയെക്കുറിച്ചുള്ള അന്വേഷണം ആധുനികകവിതകളുടെ ഒരു പൊതു സ്വഭാവമാണ്. സമൂഹസത്തയുടെ ഭാഗമായി നിലനിൽക്കുമ്പോഴും വ്യക്തിയുടെ തനിമ നിലനിൽക്കും. അതിനു സാധിക്കാതെ വരുമ്പോഴാണ് ഓരോരുത്തർക്കും സ്വന്തം അസ്തിത്വത്തെക്കുറിച്ചുള്ള വേവലാതി അനുഭവപ്പെടുക. വ്യക്തിസത്തയും സമൂഹസത്തയും തമ്മിൽ ഉണ്ടാവുന്ന സംഘർഷങ്ങളും സമന്വയങ്ങളും അയ്യപ്പപ്പണിക്കരുടെ കവിതകളിലെ അന്തർധാരയായി നിലനിൽക്കുന്നുണ്ട്.

വസ്തുതകളുടെ ആന്തരികസത്ത നൽകുന്ന ദർശനവും അതിലൂടെ നമുക്ക് അനുഭവവേദ്യമാകുന്ന പുതിയ അവബോധവും നിറഞ്ഞ കാവ്യഭാഷയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കാവ്യരൂപത്തിലും കാവ്യഭാഷയിലും ഉണ്ടായ വ്യത്യസ്തത തിരിച്ചറിഞ്ഞ് കവിത ആസ്വദിക്കാൻ പറ്റിയ വിധത്തിലായിരിക്കണം ഈ പാഠത്തിന്റെ പഠന പ്രവർത്തനം.

*ആധുനിക കവിതയുടെ സ്വഭാവത്തെക്കുറിച്ച് അയ്യപ്പപണിക്കർ ഇങ്ങനെ എഴുതുന്നു:*

*"അനുഭൂതിയുൾക്കൊള്ളുന്ന നിമിഷത്തിന്റെ വൈകാരികസത്ത ആവുന്നത്ര വ്യക്തമായും ശക്തമായും ആവിഷ്ക്കരിക്കാൻ ശ്രമിക്കുമ്പോൾ വന്നുപോകുന്ന, സ്വാഭാവികമായി വരുന്ന ഘടനാപരമായ പ്രത്യേകതകൾ നമുക്ക് കാണാം. ആദ്യവായനയ്ക്ക് പൂർവാപരബന്ധമില്ലെന്നു തോന്നിക്കുന്ന ശിഥിലചിത്രങ്ങൾ, ഒരോ സമയത്തു വിഭിന്നങ്ങളും വിരുദ്ധങ്ങളുമായ അർത്ഥങ്ങൾ തോന്നിപ്പിക്കുന്ന പദഘടന, പ്രത്യക്ഷമായ അതിഭാവുകത്വത്തെ അകറ്റി നിർത്താൻ സഹായകമാവുന്ന ഐറണി, ഉപഹാസം, ഹാസ്യാനുകരണം മുതലായ ശൈലീവിശേഷങ്ങളുടെ സ്വച്ഛന്ദപ്രയോഗം, സമഗ്രമായ ഒരു ശിൽപ്പബോധത്തിന്റെ അടിസ്ഥാനത്തിൽ ചിലചില അംശങ്ങളിൽ അവലംബിക്കുന്ന ഉച്ഛൃംഗലതയും രൂപശൈഥില്യവും – ഇങ്ങനെ പല സവിശേഷതകളും ഉൾക്കൊള്ളുന്നതാണ് പുതിയ കവിത."*

*– നവീനകവിത മലയാളത്തിൽ (അയ്യപ്പപണിക്കരുടെ ലേഖനങ്ങൾ)*

## അയ്യപ്പപ്പണിക്കർ



ലോകസാഹിത്യവുമായുള്ള നിരന്തരസമ്പർക്കത്തിലൂടെ ലഭിച്ച അനുഭവങ്ങൾ മലയാളകവിതയിൽ പുതിയ കാവ്യാനുശീലനം ഉണ്ടാക്കിയെടുക്കുന്നതിന് പ്രയോജനപ്പെടുത്തിയ കവികളിൽ പ്രമുഖൻ. രൂപത്തിലും ഭാവത്തിലും വൈവിധ്യം പുലർത്തുന്നവയാണ് അയ്യപ്പപ്പണിക്കരുടെ രചനകൾ. ബഹുഭാഷാ പണ്ഡിതൻ, സാഹിത്യനിരൂപകൻ, അധ്യാപകൻ എന്നീ നിലകളിലും ശ്രദ്ധേയനാണ്.

1930 സപ്തംബർ 12 ന് ആലപ്പുഴ ജില്ലയിലെ കവാലത്ത് ജനിച്ചു. കേരളസർവകലാശാലയിലെ ഇംഗ്ലീഷ്വിഭാഗം തലവനായിരുന്നു. നിരവധി പ്രസിദ്ധീകരണങ്ങളുടെ എഡിറ്റോറിയൽ വിഭാഗത്തിൽ പ്രവർത്തിച്ചിട്ടുണ്ട്.

അയ്യപ്പപ്പണിക്കരുടെ കൃതികൾ (മൂന്ന് ഭാഗങ്ങൾ), അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ എന്നിവയാണ് പ്രധാന പുസ്തകങ്ങൾ. പത്മശ്രീ, സരസ്വതീസമ്മാൻ, കബീർപുരസ്കാരം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സഞ്ജയൻ പുരസ്കാരം തുടങ്ങി നിരവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്. 2006 ആഗസ്റ്റ് 23 ന് അന്തരിച്ചു.

## ആശയം/ധാരണ

- പൂർവാപരബന്ധമില്ലാത്ത ശിഥിലചിത്രങ്ങൾ, വിരുദ്ധങ്ങളായ അർഥങ്ങളോടുകൂടിയ പദഘടന എന്നിവ ആധുനിക കവിതയുടെ സ്വഭാവമാണ്.
- കവിതയുടെ ആശയം, സൗന്ദര്യാംശങ്ങൾ, സമകാലികപ്രസക്തി, രചനാരീതി എന്നിവ തിരിച്ചറിഞ്ഞ് സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കുന്നതാണ് ആസ്വാദനക്കുറിപ്പ്.
- പ്രകൃതിയിൽ എല്ലാറ്റിനും അതിന്റേതായ നിയോഗങ്ങളുണ്ട്. അതിൽനിന്നും കുതറിമാറാൻ ആർക്കും കഴിയില്ല.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|
| വായന<br>ചർച്ച<br>താളഭംഗി കണ്ടെത്തൽ<br>രചന<br>കാവ്യാലാപനം<br>ചൊൽക്കാഴ്ച | ആസ്വാദനക്കുറിപ്പ് | കാവ്യാലാപനം<br>ചർച്ചയിലെ പങ്കാളിത്തം<br>രചനയിലെ മികവ് |

# പ്രവർത്തനവിശകലനം

## കവിതയിൽ നിന്ന് കണ്ടെത്താം

- കവിത കുട്ടികൾക്ക് വ്യക്തിഗതമായി വായിക്കാൻ അവസരം നൽകണം. പിന്നീട് അധ്യാപിക ആകർഷകമായി ചൊല്ലി അവതരിപ്പിക്കുക

  *കാവ്യവായനയിൽ എന്തെല്ലാം ശ്രദ്ധിക്കണം :*

  * കവിതയുടെ ആശയം വ്യക്തമാവണം
  * താളത്തിനനുസരിച്ചുള്ള ആകർഷകമായ ഈണം

  കവിതയുടെ ആലാപനം പരസ്പര വിലയിരുത്തലിനും അധ്യാപികയുടെ വിലയിരുത്തലിനും വിധേയമാക്കേണ്ടതുണ്ട്.

- കവിതയുടെ ആശയത്തിലേക്കും ബാഹ്യമായ സവിശേഷതകളിലേക്കും കുട്ടികളുടെ ശ്രദ്ധ പതിയാനുതകുന്ന വിധത്തിൽ ഈ പ്രവർത്തനത്തിലെ ചോദ്യങ്ങളിലെ ആശയവുമായി യോജിക്കുന്ന വരികൾ കണ്ടെത്തി ചൊല്ലുകയാണ് വേണ്ടത്.
- കണ്ടെത്തിയ ഉത്തരങ്ങൾ പൊതുചർച്ചക്ക് വിധേയമാക്കണം. ആശയവ്യക്തത ഉണ്ടാവുന്ന വിധത്തിൽ അധ്യാപികയുടെ ഇടപെടൽ ആവശ്യമാണ്.
- ഇതിനു ശേഷം കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കാൻ അവസരം നൽകാം. (സംഘമായും വ്യക്തിഗതമായും)

## കണ്ടെത്താം എഴുതാം

- കവിതയിൽനിന്ന് കണ്ടെത്തിയ ആശയങ്ങളുടെ സവിശേഷതകളും പ്രസക്തിയും ചർച്ച ചെയ്യാനുതകുന്ന പ്രവർത്തനങ്ങളാണിത്.
- ആശയങ്ങൾ കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി അവതരിപ്പിക്കട്ടെ. പൊതുചർച്ചയിലൂടെ ആശയവ്യക്തത വരുത്താം.

  * ഇരുൾത്തൊപ്പി പൊക്കി പതുക്കെ ചിരിക്കാൻ ശ്രമിക്കുന്ന പ്രഭാതത്തെയും കുളിർകാറ്റ് വീശിപ്പറക്കുന്ന ആകാശത്തെ പറവകൾ ശ്രദ്ധയോടെ നോക്കുന്നതുമാണ് വിഷുക്കാലത്ത് ഞെട്ടിയുണരുമ്പോൾ കണിക്കൊന്ന കാണുന്നത്.
  * തനിക്ക് പലവർണമാവാൻ കഴിയില്ല. ഒരു നിറം മാത്രമേ തന്നതുള്ളൂ എന്ന

താണ് തന്റെ പരിമിതിയായി കണിക്കൊന്ന പറയുന്നത്.

* ഭാവിയുടെ ഗുണമായി കണികാണാൻ മഞ്ഞയണിയുകയാണ് മറ്റുള്ളവർക്കായി കൊന്നയ്ക്ക് ചെയ്യാൻ കഴിയുന്നത്.
* കത്തിയെരിയുന്ന താപങ്ങൾ, വിഷുസംക്രമപ്പുലരിയിലെ കുളിർ എന്നീ പ്രയോഗങ്ങൾ മീനച്ചൂടിൽ നിന്ന് മേടത്തിലേക്കുള്ള ഋതുസംക്രമണത്തെ സൂചിപ്പിക്കുന്നു.

## താളഭംഗി കണ്ടെത്താം

- വരികളുടെ പ്രത്യേകത തിരിച്ചറിയാനും കവിതയുടെ സവിശേഷമായ രചനാരീതി വിശകലനം ചെയ്യാനും ഉതകുന്ന പ്രവർത്തനമാണ് ഇവിടെ നടക്കേണ്ടത്. അക്ഷരങ്ങളുടെയും വാക്കുകളുടെയും തുടർച്ചയായ ആവർത്തനത്തിലൂടെ സൃഷ്ടിക്കുന്ന താളം അർഥത്തിന് കൂടുതൽ ഊന്നൽ നൽകുയും ശബ്ദഭംഗി വരുത്തുകയും ചെയ്യുന്നു.
- വരികൾ കുട്ടികൾ താളത്തിൽ പാടുക. കവിതയിലെ ഏതുഘടകമാണ്താളത്തിനനുയോജ്യമായ ശബ്ദഭംഗി വരുത്തുന്നത് എന്ന് കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി പറയട്ടെ. ഇങ്ങനെ ശബ്ദഭംഗി വരുത്തുന്ന മറ്റ് വരികളും അവർ കണ്ടെത്തി പറയട്ടെ.
  * കണികാണുവാൻ ഭാവി ഗുണമേകുവാൻ
  * വീണ്ടുമെൻ ചുണ്ടിലും
  * നയനങ്ങളെന്നെയോർത്തെന്നേയിമപൂട്ടി

## ചർച്ചാക്കുറിപ്പ്

- 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന് കൊന്ന പറയുന്നതു പോലെ മറ്റാർക്കൊക്കെ ഇങ്ങനെ പറയാം?
  * കുയിലിന് 'പാടാതിരിക്കാനെനിക്കാവിതില്ലേ'
  * മയിലിന് 'ആടാതിരിക്കാനെനിക്കാവതില്ലേ'
  * മേഘത്തിന് 'പെയ്യാതിരിക്കാനെനിക്കാവതില്ലേ'
  * കവിയ്ക്ക് 'എഴുതാതിരിക്കാനെനിക്കാവതില്ലേ'
  * ..................................................................................
- കുട്ടികൾക്ക് തങ്ങളെക്കുറിച്ച് ഇങ്ങനെ എന്തു പറയാം?
- ഓരോ കുട്ടിയും അവനവന്റെ കഴിവുകൾ എന്തൊക്കെയാണ് എന്ന് കണ്ടെത്തി അവയെ കവിതയിലെ ആശയവുമായി ബന്ധപ്പെടുത്തി പറയാൻ അവസരം നൽകണം.
- വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരായ വ്യക്തികൾ അവരവരുടെ കഴിവുകൾ എങ്ങനെ വിനിയോഗിക്കുന്നു എന്നും അവർക്ക് സമൂഹത്തിലുള്ള പ്രസക്തി എന്താണെന്നും ഉള്ള ചർച്ചയിലൂടെ, കവിതയിലെ ആശയത്തെ വ്യാഖ്യാനിക്കാൻ കുട്ടികൾക്ക് കഴിയണം.

ചർച്ചകളിലൂടെ കവിതയുടെ ആശയതലവും സൗന്ദര്യതലവും കുട്ടികൾ എത്രമാത്രം തിരിച്ചറിയുന്നു എന്ന് അധ്യാപിക വിലയിരുത്തണം

- ഈ ചർച്ചകളിലൂടെ ലഭിച്ച ആശയങ്ങൾ ചേർത്ത് ഓരോ കുട്ടിയും സ്വന്തം അഭിപ്രായങ്ങൾ എഴുതി ഗ്രൂപ്പിൽ അവതരിപ്പിക്കണം. മികച്ച അഭിപ്രായങ്ങൾ പൊതു ചർച്ചയ്ക്കു വിധേയമാക്കുകയും ക്രോഡീകരിക്കുകയും വേണം.

## ചൊൽക്കാഴ്ച

- കവിത സംഘമായി ചൊൽക്കാഴ്ചയായി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകാം. ഈണത്തിലുള്ള ആലാപനം, സംഘമായുള്ള ചുവടുവയ്പ്പുകൾ, ഉചിതമായ ഭാവപ്രകടനവും അംഗവിക്ഷേപങ്ങളും ആണ് ചൊൽക്കാഴ്ചയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. വളരെ നേരിയ തോതിലുള്ള വേഷവിധാനങ്ങൾ ആവാം. (ഉദാ:- കൊന്നപ്പൂക്കൾക്ക് സമാനമായ തോരണങ്ങൾ ശരീരത്തിൽ അണിയൽ)
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുകയാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന ഉദ്ദേശ്യം. വ്യത്യസ്ത പഠനനിലവാരത്തിലുള്ള കുട്ടികൾക്ക് കവിതയുടെ ആസ്വാദനതലത്തിലേക്ക് എത്താൻ ഇതിലൂടെ സാധ്യമാകും. ഓരോ ഗ്രൂപ്പിന്റെയും അവതരണത്തെ മറ്റു ഗ്രൂപ്പുകാർക്ക് വിലയിരുത്തി അഭിപ്രായം പറയാൻ അവസരം നൽകണം. താഴെ കൊടുത്ത സൂചകങ്ങൾ അതിന് പ്രയോജനപ്പെടുത്താം.

> **ചൊൽക്കാഴ്ച**
>
> *കവിത സംഘമായി ആലപിച്ചുകൊണ്ട് ചുവടുവെച്ച് അഭിനയിച്ചവതരിപ്പിക്കുന്നതാണ് ചൊൽക്കാഴ്ച. കവിതയുടെ ആശയവും ഭാവവും വ്യക്തമാക്കത്തവിധത്തിൽ ഉച്ചത്തിലും ആവശ്യാനുസരണം വരികൾ ആവർത്തിച്ചുകൊണ്ടും ഉള്ള ആലാപനമാണ് വേണ്ടത്. കവിതയുടെ ഗതിക്കനുസരിച്ച് ഇടയ്ക്ക് പല സംഘങ്ങളായോ ഒറ്റതിരിഞ്ഞോ ഉള്ള ആലാപനവും ആവാം. ആലാപനത്തിനുസരിച്ച് താളത്തിൽ ചുവടുവെച്ചുള്ള ചലനങ്ങൾ ഉണ്ടാവണം. മുഖത്ത് ഉചിതമായ ഭാവപ്രകടനവും അനുയോജ്യമായ അംഗവിക്ഷേപങ്ങളും ആണ് അവതരണത്തെ മിഴിവുറ്റതാക്കുന്നത്. ശബ്ദനിയന്ത്രണം, ചലനങ്ങളുടെ ചടുലത, ഭാവാവിഷ്ക്കാരം എന്നിവ പ്രധാനമാണ്. ചമയങ്ങൾ വേണമെന്നില്ല. അത്യാവശ്യമാണെങ്കിൽ മാത്രം ചെറിയതോതിൽ ലളിതമായ ചമയമാവാം.*

  - ♦ കവിതയുടെ ആശയവുമായുള്ള പൊരുത്തം
  - ♦ ആശയവ്യക്തത വരുംവിധത്തിൽ ഈണത്തിലുള്ള ആലാപനം
  - ♦ ചലനങ്ങളിലും ഭാവത്തിലും അംഗവിക്ഷേപങ്ങളിലുമുള്ള ഔചിത്യവും ചേർച്ചയും
  - ♦ സംഘാംഗങ്ങളുടെ പങ്കാളിത്തവും ഒത്തൊരുമയും

## ആസ്വാദനക്കുറിപ്പ്

- മുൻപ്രവർത്തനങ്ങളിലൂടെ കവിതയെക്കുറിച്ച് ആഴത്തിലുള്ള വിശകലനം കുട്ടികൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. കവിയെക്കുറിച്ചും കാവ്യശൈലിയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ലഭിക്കാനാവശ്യമായ അവസരം ക്ലാസ്മുറിയിൽ ഒരുക്കണം.
  - ♦ കവിതയിലെ ആശയങ്ങൾ
  - ♦ സവിശേഷമായ പ്രയോഗങ്ങൾ
  - ♦ കാവ്യരൂപത്തിന്റെ പ്രത്യേകത

## ആസ്വാദനം

### കൊന്നപ്പൂവിൽ വിരിയുന്ന ജീവിതബോധം

**കു**ട്ടികളുടെ മനസ്സിന്റെ ആഴങ്ങളിൽ ചലനമുണ്ടാക്കുന്ന ഒട്ടേറെ അനുഭൂതികൾ നിറക്കുന്നതാണ് അയ്യപ്പപ്പണിക്കരുടെ 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിത. സ്ഥലകാലബദ്ധനായ മനുഷ്യൻ അവന്റെ പരിമിതിക്കകത്തുനിന്നുകൊണ്ട് സ്വന്തം ധർമ്മം നിറവേറ്റാൻ നിയുക്തനാണ് എന്ന ആശയമാണ് ഈ കവിതയുടെകേന്ദ്രസ്ഥാനത്ത് കവി പ്രതിഷ്ഠിച്ചിരിക്കുന്നത്. മലയാളിക്ക് ഏറ്റവും സുപരിചിതമായ കണിക്കൊന്നയുടെ ആത്മഗതം എന്ന നിലയിലാണ് കവിത ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും മനുഷ്യന്റെ അവസ്ഥയാണ് വായനക്കാർ ഇതിലൂടെ ശ്രദ്ധിക്കുക.

'എനിക്കാവതില്ലേ പൂക്കാതിരിക്കാൻ' എന്ന് കവി പറയുമ്പോൾ അതിൽ നിസ്സഹായതയുടെ നേർത്ത നിലവിളി നാം കേൾക്കുന്നുണ്ട്. എന്നാൽ ഇത് കട്ടിയായ വിഷാദമായി മാറാതെ, അതിജീവനത്തിന്റെ ഔഷധം കവിതന്നെ കണ്ടെത്തുന്നു.

'കണികാണുവാൻ ഭാവി ഗുണമേകുവാൻ കുഞ്ഞു
നയനങ്ങളെന്നെയോർത്തെന്നേയിമപൂട്ടി
യുണരാതെ, യുണരുമ്പോഴും മിഴി തുറക്കാതെ
യിത്തിരി തുറന്നാലുമാരുമതു കാണാതെ കാണാതെ
കണികാണുവാൻ കാത്തിരിക്കുന്നിതവരുടെ
ഗുണത്തിനായ് ഞാൻ മഞ്ഞയണിയുന്നു.'

ഒരുജനതയുടെ ആഘോഷത്തിമർപ്പിന് സാക്ഷിയാവാൻ അനുഗ്രഹിക്കപ്പെട്ടതിൽ അഭിമാനിക്കുന്ന ഒരു വ്യക്തിയെയാണിവിടെ കാണാൻ കഴിയുന്നത്. അങ്ങനെ സ്വന്തം സ്വത്വം നിലനിർത്തിക്കൊണ്ടുതന്നെ സമൂഹത്തിന് ഹർഷാനുഭൂതി നൽകി ചാരിതാർഥ്യമടയുന്ന മനുഷ്യചേതനയെയാണ് ഈ കവിത ആവിഷ്ക്കരിക്കുന്നത്.

'എവിടെന്റെ ഹരിതങ്ങളെല്ലാം മറഞ്ഞു' എന്നു തുടങ്ങുന്ന ഭാഗത്ത് കാണക്കാണെ പ്രകൃതിയുടെ പച്ചപ്പും ആർദ്രതയും ലാവണ്യവും നഷ്ടപ്പെട്ടുപോകുന്നതിൽ ദുഃഖിക്കുന്ന കവിയെയും കാണാവുന്നതാണ്. ബിംബകൽപ്പനകളുടെ വിന്യസനത്തിലെ സ്വച്ഛന്ദതയും പദഘടനയും ലീനമായ വ്യത്യസ്തതാളങ്ങളുടെ സാന്നിധ്യവുമാണ് ഈ കവിതയെ ശ്രദ്ധേയമാക്കുന്നത്.

*-ഡോ. എൻ. മുകുന്ദൻ*
*(കേരളസർവകലാശാല മലയാളവിഭാഗം മുൻമേധാവി)*

- കാവ്യഭാഷയുടെ തനിമ
- കവിയെക്കുറിച്ചുള്ള വിശദാംശങ്ങൾ

എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആശയപടം തയാറാക്കാം. ഓരോ ഘടകവും ഓരോ ഗ്രൂപ്പ് ചർച്ച ചെയ്ത് ആശയങ്ങൾ രൂപപ്പെടുത്തി പൊതുവായി അവതരിപ്പിക്കട്ടെ.

- കവിതയുടെ ആശയത്തിന് സമാനമായി മറ്റേതെങ്കിലും രചനകളിലെ ആശയങ്ങളുണ്ടെങ്കിൽ അവ ചർച്ച ചെയ്യാനും അവസരം നൽകണം.
- കവിതയിലെ ശബ്ദഭംഗി കുട്ടികൾ വിലയിരുത്തട്ടെ.
    - * അക്ഷരങ്ങളുടെ ആവർത്തനം
    - * പദങ്ങളുടെ ആവർത്തനം
    - * സമാനധ്വനിയുള്ള വ്യത്യസ്ത പദങ്ങളുടെ പ്രയോഗം (ഉദാ: "എവിടെന്റെ ഹരിതങ്ങളെല്ലാം മറഞ്ഞു എവിടെന്റെ ദുരിതങ്ങൾ കൊടുവേനലിൽ")
- ആസ്വാദനക്കുറിപ്പിന്റെ രചന വ്യക്തിഗതവും സ്വതന്ത്രവുമായാണ് നടക്കേണ്ടത്. എഴുതിയ രചനകൾ ഗ്രൂപ്പിൽ അവതരിപ്പിച്ച് പരസ്പര വിലയിരുത്തലിന് വിധേയമാക്കുകയും മികച്ചത് കണ്ടെത്തി പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്യുകയും വേണം. താഴെ കൊടുത്ത ഘടകങ്ങൾ ഉപയോഗിച്ച് വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കേണ്ടതാണ്.
    - ♦ കവിതയിലെ ആശയങ്ങൾ സ്വാംശീകരിച്ചിട്ടുണ്ട്.
    - ♦ കവിതയുടെ രചനാരീതി, കാവ്യഭാഷ എന്നിവയുടെ സവിശേഷത തിരിച്ചറിഞ്ഞ് വിശദമാക്കിയിട്ടുണ്ട്.
    - ♦ കവിതയുടെ സൗന്ദര്യാംശം, സമകാലികപ്രസക്തി എന്നിവ കണ്ടെത്തി യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്.
    - ♦ സ്വന്തമായ നിരീക്ഷണങ്ങൾ ഉദാഹരണങ്ങളും തെളിവുകളും ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്.
    - ♦ ഉചിതമായ ശീർഷകം നൽകിയിട്ടുണ്ട്.
- വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെയാണ് വികസിപ്പിക്കേണ്ടത്. വ്യവഹാരരൂപത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന ധാരണ ലഭിക്കാൻ ഇതു സഹായിക്കും.
- അധ്യാപിക എഴുതിയ ആസ്വാദനക്കുറിപ്പ് വായിക്കാനും സ്വന്തം രചന മെച്ചപ്പെടുത്തിയെഴുതാനും കുട്ടികൾക്ക് അവസരം നൽകേണ്ടതാണ്.

## പഠനനേട്ടങ്ങൾ

- കവിതകളിലെ ആശയം, ചമത്കാരം, ബിംബകല്പന, വാങ്മയചിത്രം എന്നിവ കണ്ടെത്തുന്നു.
- കവിതയുടെ രചനാരീതി, സാമൂഹ്യപ്രസക്തി, വൈവിധ്യം തുടങ്ങിയ സവിശേഷതകൾ പരിഗണിച്ചും സ്വന്തം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ചും ആസ്വാദനം വാചികമായി അവതരിപ്പിക്കുകയും എഴുതിത്തയ്യാറാക്കുകയും ചെയ്യുന്നു.
- കവിതകളിലുള്ള താളവൈവിധ്യം തിരിച്ചറിഞ്ഞ് അവ ഹൃദിസ്ഥമാക്കി യോജിച്ച താളത്തിൽ ചൊല്ലുകയും ഏതെങ്കിലും ആവിഷ്ക്കാരരൂപത്തിൽ (ചൊൽക്കാഴ്ച, സംഗീതശിൽപ്പം,...) അവതരിപ്പിക്കുകയും ചെയ്യുന്നു.

# 4.1.3 കൈയെത്താദൂരത്ത്

പ്രശസ്ത കഥാകാരിയായ ലളിതാംബിക അന്തർജനത്തിന്റെ 'ആത്മകഥയ്ക്ക് ഒരാമുഖം' എന്ന പുസ്തകത്തിലെ 'മഹദ്ദർശനങ്ങൾ' എന്ന അധ്യായത്തിലെ ഒരു ഭാഗമാണ് ഈ പാഠത്തിലുള്ളത്. ആത്മകഥാപരമായ കുറിപ്പുകളുടെ സമാഹാരമാണ് ഈ പുസ്തകം. സ്മരണകൾ, അനുഭവങ്ങൾ എന്നിങ്ങനെ സ്വജീവിതത്തിലെ ചില മുഹൂർത്തങ്ങളുമായി എഴുത്തുകാരി സ്വയം സംവദിക്കുകയാണിതിൽ.

ആത്മാനുഭങ്ങൾ അടങ്ങിയ കൃതികളാണ് ആത്മകഥകൾ, സ്മരണകൾ, ഡയറിക്കുറിപ്പുകൾ, കത്തുകളുടെ സമാഹാരങ്ങൾ, അനുഭവക്കുറിപ്പുകളുടെ സമാഹാരങ്ങൾ എന്നിവ. ആത്മകഥയിലേതുപോലെ പരസ്പരബന്ധിതവും നൈരന്തര്യവുമായ ജീവിതവിവരണം മറ്റുള്ളതിലുണ്ടാവില്ല. എന്നാൽ സ്വന്തം അനുഭവങ്ങളെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള വിലയിരുത്തലിലൂടെ നടത്തിയ പ്രതികരണങ്ങൾ അനുഭവക്കുറിപ്പുകളിൽ കാണാൻ കഴിയും. അതുകൊണ്ട്തന്നെ അത്തരം രചനകൾക്ക് സാമൂഹ്യപ്രസക്തി കൂടുതലായിരിക്കും.

ബാല്യകാലത്ത് കഥാകാരി ശ്രീനാരായണഗുരുവിനെ ആദ്യമായി സന്ദർശിക്കാനിടയായ ഒരു സന്ദർഭമാണ് പാഠഭാഗത്ത് വിവരിക്കുന്നത്. ഗുരുദേവന്റെ മഹത്വത്തെക്കുറിച്ചൊന്നും തിരിച്ചറിയാനാവാത്ത പ്രായത്തിൽ ഉണ്ടായ ആ സന്ദർശനം ദശാബ്ദങ്ങൾക്കു ശേഷം ജീവിതസായാഹ്നത്തിൽ അന്തർജനം ഓർമ്മിക്കുകയാണ്. ഈ കാലത്തിനിടയിൽ ഒരുപാട് തിരിച്ചറിവുകൾ ജീവിതം നൽകിയിട്ടുണ്ട്. ബാല്യകാലത്തുണ്ടായ ആ സംഭവത്തിന്റെ സ്മൃതിയുമായി ഈ തിരിച്ചറിവുകളെയും ഉൾക്കാഴ്ചകളെയും ബന്ധിപ്പിക്കാൻ ശ്രമിക്കുകയാണ് എഴുത്തുകാരി.

ഗുരുദേവൻ പറഞ്ഞ വാക്കുകൾ തമാശയായാണ് അന്നു തോന്നിയതെങ്കിലും തീരാത്ത ഒരന്വേഷണമായി ഈ പ്രായത്തിലും അത് ബാക്കിയാവുന്നതിനെ ആത്മചിന്താപരമായി അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ബാല്യകാലത്ത് ഉണ്ടാവുന്ന പല അനുഭവങ്ങളും പിൽക്കാലജീവിതത്തിൽ പ്രചോദനങ്ങളായിത്തീരാം എന്ന ചിന്ത കുട്ടികളിൽ വളർത്താൻ ഈ പാഠഭാഗത്തിനു കഴിയും. അത്തരം ചിന്തകളിലൂടെ ലഭ്യമാവുന്ന ഭാഷാപഠനസാധ്യതകളെ പ്രയോജനപ്പെടുത്തുകയാണ് പഠനപ്രവർത്തനങ്ങളിലൂടെ ചെയ്യേണ്ടത്.

## ലളിതാംബിക അന്തർജനം

മലയാളത്തിലെ പ്രമുഖ കഥാകാരി. സ്വന്തം ജീവിതസാഹചര്യങ്ങളെ വിശാലമായ ലോകവീക്ഷണത്തിന്റെ വെളിച്ചത്തിൽ ലളിതവും ഋജുവുമായ ഭാഷയിലൂടെ വിശകലനം ചെയ്യുന്നവയാണ് ലളിതാംബിക അന്തർജനത്തിന്റെ കഥകൾ. 'അഗ്നിസാക്ഷി' എന്ന ഒറ്റനോവൽകൊണ്ട് സാഹിത്യലോകത്ത് മായാത്ത മുദ്ര പതിപ്പിച്ചു.

1909 ജനുവരി 30 ന് കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു. കേരളസാഹിത്യ



അക്കാദമിയുടെ വൈസ്പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിരവധി സാമൂഹ്യ-സാംസ്കാരിക സംഘടനകളിൽ പ്രവർത്തിച്ചു.

*മൂടുപടത്തിൽ, തകർന്ന തലമുറ, കിളിവാതിലിലൂടെ, കാലത്തിന്റെ ഏടുകൾ, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം, വിശ്വരൂപം, ഇഷ്ടദേവത, പവിത്രമോതിരം, ധീരേന്ദുമജുംദാരുടെ അമ്മ* തുടങ്ങിയ ചെറുകഥാസമാഹാരങ്ങളും *ലളിതാഞ്ജലി, ഓണക്കാഴ്ച, ഭാവദീപ്തി, ആയിരത്തിരി* എന്നീ കവിതാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാടകം, ബാലസാഹിത്യം, നിരൂപണം എന്നീ മേഖലകളിലും അന്തർജ്ജനത്തിന്റെ സംഭാവനകളുണ്ട്. ആത്മകഥയ്ക്ക് ഒരാമുഖം എന്നത് അനുഭവക്കുറിപ്പുകളുടെ സമാഹാരമാണ്.

കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നവ ലഭിച്ചിട്ടുണ്ട്. 1987 ഫെബ്രുവരി 6 ന് നിര്യാതയായി.

## ആശയം/ധാരണ

- മറ്റുള്ളവർ നടത്തുന്ന സംഭാഷണത്തെ വേറൊരാൾ റിപ്പോർട്ട് ചെയ്യുന്ന രൂപത്തിൽ അവതരിപ്പിക്കുന്നതാണ് അന്വാഖ്യാനസംഭാഷണം
- അനുഭവങ്ങൾ തിരഞ്ഞെടുത്ത് വായനക്കാരിൽ വൈകാരികതയുണർത്തുന്ന വിധത്തിൽ, അനുയോജ്യമായ ഭാഷയിൽ അവതരിപ്പിക്കുന്നതാണ് അനുഭവക്കുറിപ്പ്.
- ആശയങ്ങൾ നേരിട്ട് വിനിമയം ചെയ്യാനുതുകുന്ന ഭാഷാരീതിയാണ് പത്രവാർത്തകളിൽ ഉള്ളത്.
- ബാല്യകാലത്ത് കുട്ടികൾക്കുണ്ടാകുന്ന പല അനുഭവങ്ങളും ജീവിതത്തിന് പ്രചോദനമായിത്തീരാറുണ്ട്.

| പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|
| വായന<br>വിശകലനം<br>താരതമ്യം ചെയ്യൽ<br>ചർച്ച<br>പത്രവാർത്ത തയാറാക്കൽ | പത്രവാർത്ത | ചർച്ചയിലെ പങ്കാളിത്തം<br>വിശകലനത്തിലും താരതമ്യത്തിലുമുള്ള മികവ്<br>പത്രവാർത്ത തയാറാക്കുന്നതിലുള്ള നൈപുണി |

## വായിക്കാം കണ്ടെത്താം

- പാഠഭാഗത്തുള്ള ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തുന്ന വ്യക്തിഗതവും സ്വതന്ത്രവുമായ വായനയ്ക്കുതകുംവിധത്തിലായിരിക്കണം പ്രവർത്തനം നടക്കേണ്ടത്. ഉത്തരങ്ങൾ പൊതുവായി അവതരിപ്പിച്ച് ചർച്ച ചെയ്തശേഷം പാഠഭാഗത്തെ പ്രധാനാശയങ്ങൾ ലിസ്റ്റ് ചെയ്യാൻ അവസരം നൽകണം.
  - ഗാന്ധിജിയെ സന്ദർശിച്ച അനുഭവം
  - ശിവാനന്ദസരസ്വതിയെ സന്ദർശിച്ചതിന്റെ ഓർമ്മ.
  - ശ്രീനാരായണഗുരുദേവനെ ആദ്യമായി കണ്ട സ്ഥലവും കാലവും
  - ആ പ്രദേശത്തിന്റെ പ്രത്യേകതകൾ
  - കുഞ്ഞുന്നാളിൽ 'നാണു ആശാൻ നാരായണഗുരു' എന്ന പേര് കേൾക്കാനിടയായ സാഹചര്യങ്ങൾ
  - ശിവഗിരി ആശ്രമത്തിലെത്തിയപ്പോൾ ആ പരിസരം മനസ്സിലുണ്ടാക്കിയ ഭാവം
  - ഗുരുദേവന്റെ രൂപവർണന
  - ഗുരുദേവനെക്കുറിച്ച് ലളിതാംബിക അന്തർജ്ജനത്തിന്റെ അച്ഛന്റെ പ്രതികരണം.
  - അച്ഛനും ഗുരുദേവനും തമ്മിൽ നടക്കുന്ന സംഭാഷണത്തിന്റെ സൂചന
  - ആ സമയത്ത് തങ്ങൾ എന്തിലാണ് വ്യാപൃതരായതെന്ന്
  - മടക്കയാത്രയ്ക്കുമുമ്പ് ഗുരുദേവൻ അന്തർജ്ജനത്തെ അടുത്തുവിളിച്ച് ചെയ്ത സംഭാഷണവും
  - ഇന്നും മനസ്സിൽ മായാതെ കിടക്കുന്ന ആ സംഭാഷണത്തിനിടയിലെ ഉപദേശം
- വ്യക്തിഗതമായ വായനയ്ക്കുശേഷം കുട്ടികൾ ഗ്രൂപ്പിൽ ഉച്ചത്തിൽ വായിക്കണം. ആശയവ്യക്തത വരുംവിധം കൂട്ടിവായിക്കുന്നതിലും; ഉച്ചാരണത്തിലും ഉണ്ടാവുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് കുട്ടികളുടെ പരസ്പര സഹായവും അധ്യാപികയുടെ ഇടപെടലുകളും ആവശ്യമാണ്.
- നാരായണഗുരുവും ലളിതാംബിക അന്തർജ്ജനവും തമ്മിലുള്ള സംഭാഷണം സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുന്നതിലൂടെ വാക്യത്തിന്റെ ഘടന മാറ്റുന്ന പ്രവർത്തനമാണ് നടക്കേണ്ടത്. വ്യക്തിഗതരചന-ഗ്രൂപ്പിൽ അവതരണം- മെച്ചപ്പെടുത്തൽ എന്നീ പ്രക്രിയയാണ് ഇവിടെ ആവശ്യം.

## വിശദീകരിക്കാം

- പാഠഭാഗത്തിലെ ആശയങ്ങളുടെ വിശകലനം നടത്താനുപകരിക്കുന്ന പ്രവർത്തനങ്ങളാണിത്. പറയുന്ന അനുഭവങ്ങളിലെ ആശയത്തിന്റെ പ്രാധാന്യവും പ്രസക്തിയും വിശകലനം ചെയ്യാൻ കുട്ടികൾക്ക് കഴിയണം. തങ്ങളുടെ അനുഭവങ്ങളുമായോ വായിച്ച മറ്റേതെങ്കിലും അനുഭവങ്ങളുമായോ താരതമ്യപ്പെടുത്തി ആശയങ്ങളുടെ വ്യത്യസ്ത തലങ്ങൾ തിരിച്ചറിയാൻ കുട്ടികൾക്കു കഴിയും വിധത്തിലുള്ള ചർച്ചകളാണ് നടക്കേണ്ടത്.
- വിശദീകരിക്കാനാവശ്യപ്പെട്ട മൂന്ന് വ്യത്യസ്ത വാക്യങ്ങളുടെ സന്ദർഭം, അത് പറഞ്ഞ വ്യക്തികളുടെ അനുഭവസമ്പത്ത്, അവയിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളുടെ വ്യാപ്തി എന്നീ കാര്യങ്ങളെക്കുറിച്ചുള്ള വിശകലനം നടക്കേണ്ടതുണ്ട്.

- കുട്ടിയായിരിക്കുമ്പോൾ ആ വാക്യത്തിലെ കേവലാർഥം മാത്രമാണ് മനസ്സിലാക്കിയിട്ടുണ്ടാവുക. വളരുന്നതോടെയാണ് 'ചിറക്' എന്നത് ഉന്നതിയിലേക്ക് സഞ്ചരിക്കാനുള്ള ഉപാധിയാണെന്ന തിരിച്ചറിവ് കൈവരുന്നുത്. ചിറകുണ്ടാവേണ്ടത് മനസ്സിനാണ് എന്ന് ചിന്തിക്കാൻ കഴിയുന്നു.
- "മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം" എന്ന പഴഞ്ചൊല്ലിലെ ആശയംതന്നെയാണിവിടെ. വിളക്കുള്ളിടത്ത് പ്രകാശം പരക്കുന്നതുപോലെ ഒരാളിലെ നന്മ മറ്റുള്ളവരിലേക്കും പടരും.
- നമ്മുടെ മനസ്സിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യാമോഹങ്ങളെയാണ് 'പച്ചക്കിളി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അടുക്കുന്തോറും അത് അകന്നകന്നുപോയ്ക്കൊണ്ടിരിക്കും. നാം അതിനു പിന്നാലെ സഞ്ചരിച്ചുകൊണ്ടുമിരിക്കും. 'പച്ചക്കിളി ഇപ്പോഴും വിദൂരതയിൽത്തന്നെ"എന്ന പ്രസ്താവനയിലൂടെ ലളിതാംബിക അന്തർജ്ജനം സൂചിപ്പിക്കുന്നത് ഇതാണ്.
- വാച്യർർഥത്തിൽ നിന്ന് ബിംബാത്മകമായ അർഥധ്വനിയിലേക്കുള്ള വികാസം. വാക്കുകൾ മാറുന്നില്ല. വായിക്കുന്ന മനസ്സാണ് മാറുന്നത്.

## അവർ കണ്ട ഗാന്ധിജി

- രണ്ട് വ്യത്യസ്തതരം അനുഭവങ്ങളെ താരതമ്യം ചെയ്യുന്ന പ്രവർത്തനമാണിത്. ഒരാളെ രണ്ടു പേർ വ്യത്യസ്തമായ സന്ദർഭങ്ങളിൽ വ്യത്യസ്ത തലങ്ങളിൽ കാണുകയാണ്. താരതമ്യത്തിന് എന്തെല്ലാം ഘടകങ്ങൾ പരിഗണിക്കണം?
  - ആരൊക്കെയാണ്, ആരെയൊക്കെയാണ് കാണുന്നത്?
  - കാണുന്നവരുടെ അപ്പോഴത്തെ അവസ്ഥ
  - സാഹചര്യം
  - കാഴ്ച അടുത്തു നിന്നോ അകലെ നിന്നോ
  - ഏത് ചുറ്റുപാടിലാണ് കാണുന്നത്?
- കാഴ്ച മനസ്സിൽ ഉണ്ടാക്കുന്ന വികാരത്തെയും പ്രതികരണത്തെയും എങ്ങിനെ സ്വാധീനിക്കുന്നു എന്നീ കാര്യങ്ങളാണ് താരതമ്യത്തിന് വിധേയമാക്കേണ്ടത്.
- ഗ്രൂപ്പു ചർച്ച, പൊതുഅവതരണവും ചർച്ചയും എന്നിവയ്ക്കു ശേഷമാണ് വ്യക്തിഗതമായി കുറിപ്പു തയാറാക്കേണ്ടത്.
  - ലളിതാംബിക ഗാന്ധിജിയെ കണ്ടത് വളരെ അടുത്തുനിന്നാണ്. ധൃതിപിടിച്ചുള്ള ഒരു കാഴ്ച. ഉപഹാരം സമർപ്പിച്ച് പാദത്തിൽ തൊട്ടു നമസ്കരിച്ച് ചരിതാർഥയാവുകയായിരുന്നു അവർ. അതു സുഖകരമായ ഒരോർമ്മയായി സൂക്ഷിക്കുകയാണവർ.
  - പൊറ്റക്കാട് ഗാന്ധിജിയെ ആദ്യമായിട്ടല്ല കാണുന്നത്. പുരുഷാരത്തിന്റെ പിറകിൽ നിന്നുകൊണ്ടുള്ളതായിരുന്നു ഈ കാഴ്ച. ദൂരെനിന്ന് ആരാധനയോടെ നോക്കിക്കാണൽ മാത്രം. പരസ്പരമുള്ള കാഴ്ചയല്ല അത്. കടൽത്തീരത്തിന്റെ പശ്ചാത്തലവും ആൾക്കൂട്ടവും രണ്ടിന്റെയും ഇരമ്പലും എല്ലാം ചേർന്ന ഒരനുഭൂതി ആ കാഴ്ചയിലുണ്ടായിരുന്നു.
- താരതമ്യക്കുറിപ്പ് ഗ്രൂപ്പിൽ വായിച്ച് പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തിയെഴുതണം.

*വിലയിരുത്തൽ സൂചകങ്ങൾ*

* കാഴ്ചയിലെ സാമ്യവ്യത്യാസങ്ങൾ വിശദീകരിച്ചിട്ടുണ്ട്.
* കാണുന്ന വ്യക്തികളെയും കാണപ്പെടുന്ന വ്യക്തികളെയും അർഹിക്കുന്ന പരിഗണനയോടെ സൂചിപ്പിച്ചിട്ടുണ്ട്.
* രണ്ടു കാഴ്ചകളും നൽകുന്ന സന്ദേശങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്.

## പത്രവാർത്ത തയാറാക്കാം

- ഒരേ സംഭവത്തെക്കുറിച്ച് വിവിധ പത്രങ്ങളിലുള്ള വാർത്തകൾ ക്ലാസിൽ ചർച്ച ചെയ്യട്ടെ. വാർത്തയുടെ എന്തെല്ലാം പൊതുസ്വഭാവങ്ങളാണ് കണ്ടെത്തിയത് എന്ന് ലിസ്റ്റ് ചെയ്യുന്നു. ഈ ലിസ്റ്റ് ഉപയോഗിച്ച് മറ്റ് വാർത്തകളും പരിശോധിക്കട്ടെ. പത്രവാർത്തയുടെ പ്രധാന ഘടകങ്ങൾ തിരിച്ചറിയാൻ ഈ പ്രവർത്തനത്തിലൂടെ സാധിക്കും.
- പത്രവാർത്തകളിലെ ഭാഷയുടെ സവിശേഷതയും ഇതുപോലെ ചർച്ച ചെയ്യുന്നു. തലക്കെട്ടിന്റെ പ്രാധാന്യവും പ്രത്യേകതകളും ഇങ്ങനെ കണ്ടെത്താവുന്നതാണ്.
- പാഠഭാഗത്ത് കൊടുത്ത പ്രവർത്തനത്തിൽ വാർത്തയിൽ ഉൾക്കൊള്ളിക്കേണ്ട ആശയങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു. പൊതുചർച്ചയിലൂടെ അത് പൂർണമാക്കുകയും ക്രമപ്പെടുത്തുകയും ചെയ്യണം.
- വ്യക്തിഗതവും സ്വതന്ത്രവുമായി തയാറാക്കിയ വാർത്തകൾ ഗ്രൂപ്പിൽ പരസ്പരം വിലയിരുത്തി മെച്ചപ്പെട്ടത് അവതരിപ്പിച്ച് പൊതുവായി ചർച്ച ചെയ്ത ശേഷം മെച്ചപ്പെടുത്തി എഴുതുന്നു. വിലയിരുത്തലിനുള്ള സൂചകങ്ങൾ പൊതു ചർച്ചയിലൂടെയാണ് കണ്ടെത്തേണ്ടത്.
  - സംഭവത്തിന്റെ വിശദാംശങ്ങളും ക്രമവും

### *പത്രവാർത്ത തയാറാക്കുമ്പോൾ*

- *ഏതെങ്കിലും ഒരു സംഭവത്തെക്കുറിച്ചുള്ള ചുരുങ്ങിയതെങ്കിലും പൂർണമായ വിവരണമാണ് പത്രവാർത്തകളിലുണ്ടാവുക.*
- *ആര്, എന്ത്, ഏത്, എപ്പോൾ, എവിടെ, എങ്ങനെ എന്നീ കാര്യങ്ങളാണ് വാർത്തയിൽ പ്രധാനമായി അടങ്ങിയിരിക്കേണ്ടത്. ഇക്കാര്യങ്ങളിൽ വായനക്കാർക്ക് സംശയങ്ങൾ ഉണ്ടാവാത്തവിധത്തിലുള്ള വിവരണം ആവശ്യമാണ്.*
- *അത്യാവശ്യത്തിനുള്ള വിശദാംശങ്ങൾ മാത്രമേ പത്രവാർത്തയിൽ വേണ്ടതുള്ളൂ. പത്രങ്ങളിലെ സ്ഥലപരിമിതി കണക്കിലെടുത്ത് കഴിയുന്നത്ര സംഗ്രഹിക്കാൻ ശ്രമിക്കണം. എന്നാൽ അത്യാവശ്യ വിവരങ്ങൾ ചോർന്നു പോവുകയുമരുത്.*
- *വായനക്കാരുമായി എളുപ്പത്തിൽ സംവദിക്കാൻ പറ്റിയവിധത്തിൽ ലളിതമായ ഭാഷയാണുപയോഗിക്കേണ്ടത്. കഴിയുന്നത്ര ചെറുവാക്യങ്ങൾ ഉപയോഗിക്കണം. ആലങ്കാരികവും പ്രതീകാത്മകവുമായ ഭാഷ പരമാവധി ഒഴിവാക്കണം.*
- *പത്രവാർത്തകളിൽ തലക്കെട്ടിന് പ്രധാന സ്ഥാനമാണുള്ളത്. വാർത്തയിലെ പ്രധാനാശയത്തിന്റെ വ്യക്തമായ സൂചന അതിൽ അടങ്ങിയിരിക്കണം. ആകർഷകവും ലളിതവും ആയിരിക്കണം തലക്കെട്ട്. ചുരുങ്ങിയാൽ നന്ന്. എന്നാൽ ചില സന്ദർഭങ്ങളിൽ നീണ്ട തലക്കെട്ടുകൾ വേണ്ടിവരും. സ്വയം വിശദീകരണക്ഷമമായിരിക്കണം വാർത്തയുടെ തലക്കെട്ടുകൾ*

- വാർത്തകൾക്കനുയോജ്യമായ ഭാഷ
- ഉചിതമായ ശീർഷകം

### വാക്യം മാറ്റിയെഴുതാം

- പറയുന്ന സന്ദർഭത്തിന്റെ പ്രത്യേകത അനുസരിച്ചുള്ള ഭാവം വായനക്കാരനിലേക്ക് പകരാൻ വാക്യത്തിന്റെ ഘടന മാറ്റുന്നതിലൂടെ എത്രമാത്രം സാധ്യമാവുന്നു എന്നതാണ് ആ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിയേണ്ടത്.
    - രമ്യഭൂഭാഗഭംഗികൾ ആരെയും മയക്കും
    - ആരെയും രമ്യഭൂഭാഗഭംഗികൾ മയക്കും
    - മയക്കും ആരെയും രമ്യഭൂഭാഗഭംഗികൾ
    - ആരെയും മയക്കും രമ്യഭൂഭാഗഭംഗികൾ
    - മയക്കും രമ്യഭൂഭാഗഭംഗികൾ ആരെയും
- ഇങ്ങനെ പലവിധത്തിൽ വാക്യത്തെ മാറ്റിയെഴുതിയത് ചർച്ച ചെയ്യട്ടെ.
    - ഓരോ വാക്യത്തിലെയും ആശയം എന്താണ്?
    - ഓരോ വാക്യത്തിലും കൊടുത്ത ഊന്നൽ ഏതിലാണ്?
    - എല്ലാ വാക്യങ്ങളുടെയും താളം ഒന്നാണോ?
- അടിസ്ഥാന ആശയത്തിന് മാറ്റം സംഭവിക്കുന്നില്ല. എങ്കിലും ഓരോന്നിലും ഊന്നലുകൾ മാറിക്കൊണ്ടിരിക്കുന്നുണ്ട്. സന്ദർഭത്തിന്റെ പ്രത്യേകത അനുസരിച്ചാണ് ഇവയിൽ ഏതാണ് തിരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിക്കുക
- ഓരോ സന്ദർഭത്തിലും വാക്യത്തിന്റെ താളത്തിൽ വരുന്ന വ്യത്യാസവും ചർച്ച ചെയ്യണം. മുമ്പിലും പിമ്പിലുമുള്ള വാക്യത്തിന്റെ ഘടനയ്ക്കും ആശയത്തിനും അനുസരിച്ചുള്ള ഭാവവും താളവും ചേരുന്നത് ഏത് ക്രമീകരണത്തിലാണെന്ന് മനസ്സിലാക്കാൻ കഴിയണം.
- പാഠഭാഗത്ത് "രമ്യഭൂഭാഗഭംഗികൾ മയക്കും ആരെയും" എന്ന വാക്യഘടനയിൽ 'മയക്കും' എന്നതിലാണ് ഊന്നൽ നൽകിയത്. 'ആരെയും' എന്ന് പിന്നീട് പറഞ്ഞിരിക്കയാണ്. പരാമർശിക്കുന്ന പ്രദേശത്തിന്റെ സവിശേഷത വായനക്കാരുടെ ശ്രദ്ധയിലേക്ക് പെട്ടെന്ന് കടന്നുവരാൻ ഇത് സഹായിക്കുന്നു.
- കവിതകളിൽ ഉപയോഗിക്കുന്ന പദക്രമമാണ് ഇവിടെ കാണുന്നത് (കുമാരനാശാന്റെ 'നളിനി'യിലെ വരിയാണിത് – 'രമ്യഭൂഭാഗഭംഗികൾ ഹരിക്കുമാരെയും') അതുണ്ടാക്കുന്ന താളഭംഗി വർണിക്കപ്പെടുന്ന സൗന്ദര്യത്തെ കൂടുതൽ സംവേദനക്ഷമമാക്കുന്നുണ്ട്.

## പഠനനേട്ടങ്ങൾ

- സാഹിത്യകൃതികൾ വായിച്ച് വിവരങ്ങൾ ഉൾക്കൊള്ളുകയും വിശകലനം ചെയ്ത് ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.
- ഭാഷയിലെ സവിശേഷപ്രയോഗങ്ങളുടെ ഔചിത്യം വിശകലനം ചെയ്യുന്നു.
- ലഭിച്ച വസ്തുതകൾ ഉപയോഗിച്ച് പത്രവാർത്ത തയാറാക്കുന്നു.

## ഞാൻ എന്നെക്കുറിച്ച്

- യൂണിറ്റിലെ മുഴുവൻ പഠനപ്രവർത്തനങ്ങളിലൂടെയും കടന്നുപോയപ്പോൾ കുട്ടികൾക്കുണ്ടായ മികവുകളും പരിമിതികളും സ്വയം തിരിച്ചറിയുന്നതിനും കൂടുതൽ മെച്ചപ്പെടാനും പരിമിതികൾ തരണം ചെയ്യാനും എന്തൊക്കെ ചെയ്യണമെന്ന് കണ്ടെത്തുന്നതിനുമുള്ള പ്രവർത്തനമാണ് ഇതിലുള്ളത്.
- കുട്ടികൾ സ്വയം ചെയ്യേണ്ടതാണെങ്കിലും ക്ലാസ്മുറിയിൽ അധ്യാപികയുടെ സാന്നിധ്യത്തിലും സഹായത്തോടെയും ആണ് ഇത് നടക്കേണ്ടത്. രേഖപ്പെടുത്തലുകൾ സത്യസന്ധമായാലേ പരിമിതികൾ മറികടന്ന് കൂടുതൽ മെച്ചപ്പെടുത്തലിന് സാധിക്കുകയുള്ളൂ എന്ന് കുട്ടികളെ ബോധ്യപ്പെടുത്തണം.
- ഇതിലെ ഓരോ ചോദ്യംകൊണ്ടും ഉദ്ദേശിക്കുന്നത് എന്താണ് എന്ന കാര്യമാണ് ക്ലാസിൽ ചർച്ച ചെയ്യേണ്ടത്. ഓരോന്നിലുമുള്ള കുട്ടികളുടെ മികവ് എങ്ങനെ കണ്ടെത്താമെന്നും എങ്ങനെ രേഖപ്പെടുത്താമെന്നും അധ്യാപിക വിശദീകരിക്കണം.
- അനുഭവങ്ങൾ പങ്കുവെയ്ക്കുമ്പോൾ അത് അവതരിപ്പിക്കുന്നതിലുള്ള മികവാണ് പരിഗണിക്കേണ്ടത്. ആശയങ്ങൾ ക്രമപ്പെടുത്തി ഒഴുക്കോടെ പറയാൻ കഴിയുക, പറയുന്ന ആശയങ്ങൾക്ക് വ്യക്തതയും സൂക്ഷ്മതയും ഉണ്ടാവുക, ആവശ്യമായ വിശദാംശങ്ങൾ ചേർക്കാൻ കഴിയുക, ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ കഴിയുക എന്നീ കാര്യങ്ങൾ പരിഗണിച്ചാണ് വിലയിരുത്തേണ്ടത്.
- വായന, വിശകലനം എന്നിവ സംബന്ധിച്ച ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തുന്നതിന് ആവശ്യമായ സൂചകങ്ങൾ അധ്യാപിക നൽകേണ്ടതാണ്.
- പത്രവാർത്ത, കത്ത്, യാത്രാവിവരണം, ആസ്വാദനക്കുറിപ്പ് എന്നീ വ്യവഹാരരൂപങ്ങളുടെ മെച്ചപ്പെടുത്തിയെഴുതിയ പകർപ്പാണ് വിലയിരുത്തലിന് വിധേയമാക്കേണ്ടത്. ഓരോന്നിന്റെയും സവിശേഷതകളും വിലയിരുത്തൽ സൂചകങ്ങളും ക്ലാസിൽ ചർച്ച ചെയ്ത ശേഷമാണ് വിലയിരുത്തലിന് വിധേയമാക്കേണ്ടത്.
- ഓരോ ഘടകവും വിലയിരുത്തുമ്പോൾ അതതിന്റെ മികവുകളും പരിമിതികളും കുറിപ്പായി രേഖപ്പെടുത്തുകയാണ് വേണ്ടത്. അങ്ങനെ ചെയ്താൽ മാത്രമേ കൂടുതൽ മികവിലെത്താനും പരിമിതികൾ മറികടക്കാനും എന്തെല്ലാം ചെയ്യാമെന്ന് കണ്ടെത്താൻ കഴിയൂ.
- കൂടുതൽ മെച്ചപ്പെടുന്നതിന് തനിക്ക് എന്തെല്ലാം വേണമെന്ന് തിരിച്ചറിയുന്ന കുട്ടിക്ക് അതിനായി അധ്യാപികയുടെയും രക്ഷിതാക്കളുടെയും സഹായം തേടാവുന്നതാണ്.
- കുട്ടികൾ തയാറാക്കുന്ന സ്വയം വിലയിരുത്തൽ കുറിപ്പുകൾ അധ്യാപികയുടെ വിലയിരുത്തലുകൾക്ക് സഹായകവസ്തുവായി ഉപയോഗിക്കാമെങ്കിലും അധ്യാപികയുടെ വിലയിരുത്തൽ ഇതിന്റെ സ്വാധീനമില്ലാതെ സ്വതന്ത്രമായതായിരിക്കണം.